1
2024
മേയ്
ബുധൻ
മേടം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.175 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-175 | പേജ് 4. വില 2.00 രൂപ



02 ▶ തിരുവനന്തപുരം മേയർക്കെതിരേ കേസെടുക്കാത്തതിൽ പ്രതിഷേധം

03 ▶ ഡെങ്കിപ്പനി തടയാൻ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം: മന്ത്രി

04 ▶ സ്ഥലം മാറ്റിയ അധ്യാപകർക്ക് ഉത്തരവ് തത്കാലം ബാധകമല്ല: ഹൈക്കോടതി


# കടലിൽ ചൂട് ഉയർന്നു; മത്സ്യങ്ങൾ തീരക്കടൽ വിട്ടു

തിരുവനന്തപുരം : വേനൽ മഴ മരീചികയായതോടെ കടൽ മത്സ്യങ്ങൾ ഉൾവലിഞ്ഞത് മത്സ്യമേഖലയ്ക്കു വൻ തിരിച്ചടിയായി. ഇതോടെ തീരദേശത്തെ മൊത്തം സാമ്പത്തിക മേഖല താറുമാറായി. ഉപരിതലത്തിലെ കനത്ത ചൂടിൽനിന്ന് രക്ഷതേടി മത്സ്യങ്ങൾ ഉൾക്കടലിലേക്കു നീങ്ങിയതാണു കടൽ വറുതിയിലാകാൻ പ്രധാന കാരണമായി പറയുന്നത്.

ഈ സാഹചര്യത്തിൽ തീരക്കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളും വഞ്ചികളും ഇന്ധനച്ചെലവിനുള്ള മീൻപോലും കിട്ടാതെ വെറും കൈയോടെ തിരിച്ചു പോരുകയാണ്. യാനങ്ങൾ ഭൂരിഭാഗവും മത്സ്യബന്ധനത്തിനു പോകുന്നില്ല.




ഇതാകട്ടെ ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെൻററുകളുടെയും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. അതിനാൽ തൊഴിൽമേഖലയും സ്തംഭിച്ചു. മത്സ്യമാർക്കറ്റുകളിൽ ഇപ്പോൾ കൂടുതലായും എത്തുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ്.

സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇടമഴ കിട്ടുന്നതോടെ വള്ളങ്ങൾക്ക് വല നിറയെ അയലയും മത്തിയും ലഭിക്കാറുള്ളതാണ്. എന്നാൽ, മഴ മുടങ്ങിയതോടെ ഇത്തവണ മത്തിയും അയലയും തീരം തൊട്ടതു പോലുമില്ല.

ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളും വൻ പ്രതിസന്ധിയിലായി. ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ഏതാനും ചില വലിയ ബോട്ടുകൾ ഇപ്പോൾ മത്സ്യബന്ധനത്തിന് പോകുന്നുണ്ടെങ്കിലും നഷ്ടമാണെന്നാണ് ബോട്ടുടമകൾ പറയുന്നത്. സാധാരണ ബോട്ടുകാർക്ക് അയലയും വറ്റയും ചെമ്മീനുമൊക്കെ ലഭിക്കേണ്ട സമയമാണിത്. പക്ഷേ കാര്യമായി ഒന്നും തന്നെ ലഭിക്കുന്നില്ല. പ്രളയവും കാലാവസ്ഥാ വ്യതിയാനവും കടലിൻറെ ഘടനമാറ്റത്തിന് തന്നെ കാരണമായതായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. താപനില ദിനംപ്രതി ക്രമാതീതമായി ഉയരുന്നതിനാൽ ജലോപരിതലം ചൂടുപിടിച്ച് മത്സ്യപ്രജനനത്തെയും ബാധിച്ചതായി ഇക്കൂട്ടർ വ്യക്തമാക്കുന്നു. അശാസ്ത്രീയ മീൻപിടിത്തവും മത്സ്യസമ്പത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്.




## ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു, സഞ്ജു ടീമിൽ

അഹമ്മദാബാദ്: 2024 ട്വന്റി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. 15 അംഗ ടീമിനേയാണ് പ്രഖ്യാപിച്ചത്. മലയാളി താരം സഞ്ജു സാംസൺ ടീമിലിടം നേടി.

രോഹിത് ശർമയാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ഹാർദിക് പാണ്ഡ്യയാണ് വൈസ് ക്യാപ്റ്റൻ. ഋഷഭ് പന്താണ് ടീമിലെ ഒന്നാം വിക്കറ്റ് കീപ്പർ.

സൂപ്പർ താരം വിരാട് കോലിയ്ക്ക് പുറമേ യശസ്വി ജയ്സ്വാൾ, സൂര്യകുമാർ യാദവ്, ശിവം ദുബെ എന്നിവരും ടീമിലിടം നേടി. ഓൾറൗണ്ടർമാരായി പാണ്ഡ്യയ്ക്കൊപ്പം രവീന്ദ്ര ജഡേജയും അക്ഷർ പട്ടേലുമാണുള്ളത്. കുൽദീപ് യാദവ്, യുസ്വേന്ദ്ര ചാഹൽ എന്നിവർ സ്പിൻ ബൗളിങ് ഓപ്ഷനുകളാണ്.

പേസ് ബൗളർമാരായ മുഹമ്മദ് സിറാജ്, ജസ്പ്രീത് ബുംറ, അർഷ്ദീപ് സിങ് എന്നിവരും ലോകകപ്പ് സംഘത്തിലുണ്ട്.

## കരുവന്നൂർ ബാങ്ക് തട്ടിപ്പ്: അക്കൗണ്ട് വിവരങ്ങൾ ഇഡിക്ക് മുന്നിൽ ഹാജരാക്കി

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ സിപിഎം തൃശൂർ ജില്ലാ കമ്മിറ്റിയുടെയും കീഴ്ഘടകങ്ങളുടെയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തൃശൂർ ജില്ലാ സെക്രട്ടറി എം.എം. വർഗീസ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി)മുമ്പാകെ ഹാജരാക്കി. ഇന്നലെ ചോദ്യം ചെയ്യലിന് ഹാജരായപ്പോഴാണ് രേഖകൾ കൈമാറിയത്. ഇന്നലെ എം.എം. വർഗീസിനെ 10 മണിക്കൂറോളം ചെയ്ത ശേഷം വിട്ടയച്ചു. ഇഡി പറഞ്ഞ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും കേസ് അന്വേഷണത്തിനായി സഹകരിക്കുമെന്നും വർഗീസ് പറഞ്ഞു.

അറസ്റ്റിനെ ഭയപ്പെടുന്നില്ലെന്നും ഇഡി വിളിച്ചതു കൊണ്ടാണ് താൻ വന്നതെന്നും എന്തിനാണ് വിളിച്ചതെന്ന് ഇഡിയോട് ചോദിക്കണമെന്നുമാണ് രാവിലെ ഹാജരാകാനെത്തിയപ്പോൾ വർഗീസ് മാധ്യമങ്ങളോട് പറഞ്ഞത്.

## തൊഴിലിടങ്ങളിലെ ജോലി സമയം ക്രമീകരിച്ചു : മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതിനാൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയ ക്രമീകരണം ഏർപ്പെടുത്തുന്നതായി മന്ത്രി വി ശിവൻകുട്ടി പത്രസമ്മേളനത്തിൽ അറിയിച്ചു. മെയ് 15 വരെ ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് 3 വരെ തൊഴിലാളികൾ വെയിലത്ത് പണിയെടുക്കുന്നത് കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ കർശന നടപടി സ്വീകരിക്കും.

സംസ്ഥാനത്ത് മുഴുവൻ തൊഴിലിടങ്ങളിലും കർശന പരിശോധന നടത്തി നടപടി സ്വീകരിക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും മെയ് ദിനാശംസകൾ നേരുന്നതായും മന്ത്രി അറിയിച്ചു.

## എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം മേയ് 8ന്

### ഹയർസെക്കണ്ടറി ഫലപ്രഖ്യാപനം മേയ് 9ന്

202324 അക്കാദമിക വർഷത്തെ എസ്.എസ്.എൽ.സി./ റ്റി.എ ച്ച്.എ സ്.എ സ്.എൽ.സി./ എ.എച്ച്.എസ്.എൽ.സി. ഫലപ്രഖ്യാപനം മെയ് 8 ന് 3.00 മണിക്ക് നടത്തുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു. കഴിഞ്ഞ വർഷം മെയ് 19 നാണ് ഫലപ്രഖ്യാപനം നടത്തിയത്. ഇത്തവണ പതിനൊന്ന് ദിവസം മുമ്പ് തന്നെ ഫലപ്രഖ്യാപനം നടത്തുകയാണ്. ഇക്കൊല്ലം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത് ആകെ നാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഒരുന്നൂറ്റി അഞ്ച് (4,27,105) വിദ്യാർത്ഥികളാണ്. ഇതിൽ രണ്ട് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് (2,17,525) ആൺകുട്ടികളും രണ്ട് ലക്ഷത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് (2,09,580) പെൺകുട്ടികളും ഉൾപ്പെടുന്നു. സംസ്ഥാനത്തൊട്ടാകെ എഴുപത് ക്യാമ്പുകളിലായി പതിനായിരത്തി എണ്ണൂറ്റി അറുപത്തി മൂന്ന് (10,863) അധ്യാപകർ മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തു. ഏപ്രിൽ 3 മുതൽ 20 വരെ പതിനാല് ദിവസങ്ങളിലായി മൂല്യനിർണ്ണയം പൂർത്തിയാക്കി. ടാബുലേഷൻ, ഗ്രേസ് മാർക്ക് എൻട്രി, എന്നിവ പരീക്ഷാ ഭവനിൽ പൂർത്തിയാക്കി ഫലപ്രഖ്യാപനത്തിന് തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ഈ അക്കാദമിക വർഷത്തെ രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷാ ഫലപ്രഖ്യാപനം മെയ് 9 വ്യാഴാഴ്ച നടത്തും. കഴിഞ്ഞ വർഷം മെയ് 25 നാണ് ഫലപ്രഖ്യാപനം നടത്തിയത്. ഈ വർഷം മെയ് 10 നകം തന്നെ ഫലപ്രഖ്യാപനം നടത്താനായത് കൃത്യമായ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും ഫലമായാണ്. ആകെ നാല് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി ഒരുന്നൂറ്റി ഇരുപത് (4,41,120) വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. ഇതിൽ രണ്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് (2,23,736) ആൺകുട്ടികളും രണ്ട് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി എൺപത്തി നാല് (2,17,384) പെൺകുട്ടികളും ഉൾപ്പെടുന്നു. ഏപ്രിൽ 3 മുതൽ 24ാം തീയതി വരെയാണ് മൂല്യനിർണ്ണയം നടന്നത്. പ്ലസ് വൺ, പ്ലസ് ടു പരീക്ഷാ മൂല്യനിർണ്ണയത്തിൽ മൊത്തം എഴുപത്തി ഏഴ് ക്യാമ്പുകളിലായി ഇരുപത്തി അയ്യായിരത്തോളം അധ്യാപകർ പങ്കെടുത്തതായും മന്ത്രി പറഞ്ഞു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി റഗുലർ വിഭാഗത്തിൽ ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയെട്ട് (27,798) പ്രൈവറ്റ് വിഭാഗത്തിൽ ആയിരത്തി അഞ്ഞൂറ്റി രണ്ട് (1,502) ഉൾപ്പെടെ ആകെ ഇരുപത്തിയൊമ്പതിനായിരത്തി മുന്നൂറ് (29,300) പേരാണ് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. ഇതിൽ പതിനെട്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഏഴ് (18,297) ആൺകുട്ടികളും പതിനൊന്നായിരത്തി മൂന്ന് (11,003) പെൺകുട്ടികളും ഉൾപ്പെടുന്നു. എട്ട് ക്യാമ്പുകളിലായി രണ്ടായിരത്തി ഇരുന്നൂറോളം അധ്യാപകർ മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തതായും മന്ത്രി അറിയിച്ചു.

## വിസ്മയസ്മാക്സിന്റെ ക്യാംപസിൽ കെ ജി എസിന്റെ കവിതകൾ

ഭരണകൂടങ്ങൾ ഭയങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. പുരാതനകാലം മുതൽക്കേ ഭരണകൂടങ്ങൾ ഭയോല്പാദന കേന്ദ്രങ്ങളാണ്. അതിനെതിരെയുള്ള പ്രതിരോധമാണ് തന്റെ കവിതകൾ എന്ന് മുതിർന്ന കവി കെ ജി എസ് പറഞ്ഞു. 'ലെറ്റേഴ്സ് ഓഫ് ഗോർക്കി' എന്ന പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്. അത് ഭരണകൂടത്തിന്റെ ഭീകരമുഖം വരച്ചു കാട്ടുന്നു. ഒരു കൃതിയുടെയും ഉപരിതലം വായിക്കരുത്. അത് ധ്യാനമാർഗ്ഗമല്ല. അത് മുക്തി തരില്ല. അതുകൊണ്ടാണ് താൻ അഗാധതയെ ഇഷ്ടപ്പെടുന്നതെന്നും കെ ജി എസ് പറഞ്ഞു .

ഇന്നലെ വെള്ളയമ്പലം കെസ്റ്റൺ റോഡിലുള്ള വിസ്മയാസ് ഹോളിൽ, സംക്രമണകവിതവേദിയിൽ വെച്ച് കെ ജി എസ് പതിനഞ്ചോളം സ്വന്തം കവിതകൾ വായിച്ചു. അദ്ദേഹം കവിതവായന ആരംഭിച്ചത് അയ്യപ്പപ്പണിക്കരെ അനുസ്മരിച്ചുകൊണ്ടാണ്. 'ഒരു പക്ഷേ എൻറെ ജീവിതത്തിൽ എന്നെ ഏറ്റവും കൂടുതൽ പ്രചോദിപ്പിച്ചിട്ടുള്ള/ ഉത്തേജിപ്പിച്ചിട്ടുള്ള മനുഷ്യരിൽ പ്രമുഖൻ അയ്യപ്പപണിക്കർ 'കെ ജി എസ് പറഞ്ഞു.

കവിതയിൽ എല്ലാം അനുവദനീയമാണെന്ന് കാണിച്ചു തന്ന അയ്യപ്പപ്പണിക്കരാണ് തന്റെ ഗുരു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യുവ കവികൾ എഴുത്തിൽ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം കെ ജി എസിനെയും അയ്യപ്പപ്പണിക്കരെയും പോലുള്ള എഴുത്തുകാർ നേടിത്തന്നതാണെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച കവി ശാന്തൻ പറഞ്ഞു. അയ്യപ്പപ്പണിക്കർ ഫൌണ്ടേഷൻ സെക്രട്ടറി പ്രിയദാസ് ജി മംഗലത് സ്വാഗതം പറഞ്ഞു.

സി. അശോകൻ, ഡി. അനിൽകുമാർ, സുമേഷ് കൃഷ്ണൻ, സിന്ധു വാസുദേവൻ, ഡി. യേശുദാസൻ തുടങ്ങിയവർ സംവാദത്തിൽ പങ്കെടുത്തു.




## റാഫയിൽ ആക്രമണം; 22 പേർ കൊല്ലപ്പെട്ടു

ഗാസ: തെക്കൻ ഗാസ നഗരമായ റാഫയിൽ വ്യോമാക്രമണം തുടർന്ന് ഇസ്രയേൽ. തിങ്കളാഴ്ച നടന്ന മുഴുരാത്രി ആക്രമണത്തിൽ 22 പേർ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവരിൽ ആറു സ്ത്രീകളും അഞ്ചു കുട്ടികളുമുണ്ട്. അഞ്ചു ദിവസം മാത്രം പ്രായമുള്ള കുട്ടിയും കൊല്ലപ്പെട്ടു. കരയാക്രമണം നടത്തുമെന്ന ഭീഷണി നിലനിൽക്കെത്തന്നെ ഇസ്രയേൽ റാഫയിൽ ദിനേന വ്യോമാക്രമണം നടത്തിവരികയാണ്. ഹമാസിൻറെ അവസാനത്തെ പ്രധാനപ്പെട്ട ശക്തികേന്ദ്രമെന്നാരോപിച്ചാണ് ആക്രമണം. റാഫയിൽ ദശലക്ഷക്കണക്കിന് അഭയാർഥികളാണ് തമ്പടിച്ചിരിക്കുന്നത്. മൂന്നു വീടുകൾക്കു നേരേയാണു വ്യോമാക്രമണമുണ്ടായത്.

ആദ്യ ആക്രമണത്തിൽ ഒൻപതിനും 27 നും ഇടയിൽ പ്രായമുള്ള നാലു സഹോദരങ്ങൾ ഉൾപ്പെടെ 12 പേർ കൊല്ലപ്പെട്ടു. രണ്ടാമത്തെ ആക്രമണത്തിൽ നവജാത ശിശുവും പിതാവുമുൾപ്പെടെ ഏഴു പേർ കൊല്ലപ്പെട്ടു. മൂന്നാം ആക്രമണത്തിൽ 23,19,12 വയസുള്ള സഹോദരങ്ങൾ കൊല്ലപ്പെട്ടു.

ഇതിനിടെ യുഎസ് പ്രസിഡൻറ് ജോ ബൈഡൻ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി വീണ്ടും സംസാരിച്ചു. റാഫ ആക്രമിക്കാനുള്ള ഇസ്രയേൽ പദ്ധതിയോടുള്ള തൻറെ നിലപാട് ബൈഡൻ ആവർത്തിച്ചതായി വൈറ്റ്ഹൗസ് അറിയിച്ചു.

ദശലക്ഷക്കണക്കിന് അഭയാർഥികൾ തിങ്ങിപ്പാർക്കുന്ന റാഫയെ ആക്രമിക്കുന്നത് മാനുഷികദുരന്തമാകുമെന്നാണ് അമേരിക്കൻ നിലപാട്. റാഫ ആക്രമിച്ചാൽ പിന്തുണയുണ്ടാകില്ലെന്നും ഇസ്രയേലിന് മുന്നറിയിപ്പു നൽകിയിരുന്നു. ഒരു മണിക്കൂറോളം ബൈഡൻ നെതന്യാഹുവുമായി ഫോണിൽ സംസാരിച്ചു. സമാധാന ദൗത്യവുമായി മിഡിൽ ഈസ്റ്റിൽ എത്തിയിരിക്കുന്ന യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻറണി ബ്ലിങ്കൻ ഇസ്രയേൽ ഉൾപ്പെടെയുള്ള രാജ്യങ്ങൾ സന്ദർശിക്കും.സൗദി വിദേശകാര്യ മന്ത്രി അമീർ ഫൈസൽ ബിൻ ഫർഹാനുമായി തിങ്കളാഴ്ച ബ്ലിങ്കൻ കൂടിക്കാഴ്ച നടത്തി.

ഗാസയിലെയും റാഫ നഗരത്തിലെയും സ്ഥിതിഗതികളെക്കുറിച്ചും അടിയന്തര വെടിനിർത്തലിൻറെ പ്രാധാന്യത്തെക്കുറിച്ചും ഇരുവരും ചർച്ച നടത്തി.

# തിരുവനന്തപുരം മേയർക്കെതിരേ കേസെടുക്കാത്തതിൽ പ്രതിഷേധം

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനും കെഎസ്ആർടിസി ഡ്രൈവറുമായി നടുറോഡിലുണ്ടായ തർക്കത്തിൻറെ പേരിൽ മേയർക്കും ഭർത്താവും എംഎൽഎയുമായ സച്ചിൻ ദേവിനെതിരേയും കേസെടുക്കാത്തതിൽ പ്രതിഷേധം ശക്തമാകുന്നു.

ഡ്രൈവർ യദുകൃഷ്ണനാണ് മേയർക്കും എംഎൽഎയ്ക്കുമെതിരേ സംഭവ ദിവസം പരാതി നൽകിയത്. മേയറുടെ പരാതിയിൽ കെഎസ്ആർടിസി ഡ്രൈവർ യദുവിനെ കൻറോൺമെൻറ് പോലീസ് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിരുന്നു.

സംഭവം വിവാദമായതിനെ തുടർന്ന് തങ്ങൾ ബസ് തടഞ്ഞിട്ടില്ലെന്നും റെഡ് സിഗ്നൽ ആയിരുന്നുവെന്നുമുള്ള മേയറുടെ വാദം പൊളിച്ച് കൊണ്ടുള്ള സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടും പോലീസ് നടപടി സ്വീകരിക്കാത്തതാണ് പ്രതിഷേധത്തിന് കാരണമായിരിക്കുന്നത്.

കേസെടുക്കാത്തതിൽ പ്രതിഷേധിച്ച് കെഎസ്ആർടിസി ജീവനക്കാരുടെ സംഘടനയായ ടിഡിഎഫ് കെഎസ്ആർടിസി ചീഫ് ഓഫീസിലേക്കും യൂത്ത് കോൺഗ്രസ് കൻറോൺമെൻറ് പോലീസ് സ്റ്റേഷനിലേക്കും മാർച്ച് നടത്തിയിരുന്നു.

അതേസമയം യദുവിനെതിരെ മേയർ നൽകിയ പരാതിയിൽ കെഎസ്ആർടിസി നടത്തിയ അന്വേഷണത്തിൻറെ റിപ്പോർട്ട് ഇന്ന് സിഎംഡി ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാറിന് സമർപ്പിക്കും. യദുവിനെ പിരിച്ച് വിടാതെ താൽക്കാലികമായി മാറ്റി നിർത്തിയാൽ മതിയെന്ന തീരുമാനമാണ് വകുപ്പ് സ്വീകരിച്ചത്. എംഎൽഎയും മേയറും പരാതിക്കാരായിട്ടും മന്ത്രിയുടെ നിലപാടാണ് ഡ്രൈവർക്കെതിരേ കടുത്ത നടപടിയുണ്ടാകാതിരുന്നതിന് കാരണം. അന്വേഷണ റിപ്പോർട്ട് ലഭിക്കാതെ എടുത്ത് ചാടി ശിക്ഷാ നടപടികൾ കൈക്കൊള്ളില്ലെന്ന് നിലപാടായിരുന്നു മന്ത്രിക്ക്.



# ലോകകപ്പിനുള്ള ഇന്ത്യൻ സംഘം റെഡി

മുംബൈ: ആരാധകരുടെ കാത്തിരിപ്പിന് അവസാനം. കൂട്ടലുകൾക്കും കിഴിക്കലുകൾക്കും ഒടുവിൽ ലോകകപ്പിനുള്ള ഇന്ത്യൻ സംഘം റെഡി. മലയാളി താരം സഞ്ജു സാംസൺ കന്നി ലോകകപ്പ് കളിക്കാനിറങ്ങുമ്പോൾ കേരളത്തിനും ആവേശം.

15 അംഗ ടീമിനെ സമയപരിധി അവസാനിക്കാൻ ഒരു ദിവസം മാത്രം ബാക്കി നിൽക്കെയാണ് ബിസിസിഐ പ്രഖ്യാപിച്ചത്. പരിചയസമ്പത്തും യുവത്വവും ഒത്തുചേരുന്ന ടീമിനെയാണ് ഇന്ത്യ രംഗത്തിറക്കുന്നതെന്ന് പറയാം. രോഹിത് ശർമ നയിക്കുന്ന ടീമിൽ യശസ്വി ജയ്സ്വാൾ, വിരാട് കോലി, സൂര്യകുമാർ യാദവ് എന്നിവരാണ് മുൻനിര ബാറ്റർമാർ. ഋഷഭ് പന്താണ് ടീമിന്റെ ഒന്നാം വിക്കറ്റ് കീപ്പർ. രണ്ടാം വിക്കറ്റ് കീപ്പറായാണ് സഞ്ജു ഇടംപിടിച്ചത്. ഹാർദിക്ക് പാണ്ഡ്യ, രവീന്ദ്ര ജഡേജ, ശിവം ദൂബെ, അക്സർ പട്ടേൽ എന്നിവരാണ് ടീമിലെ ഓൾ റൗണ്ടർമാർ.

ജസ്പ്രിത് ബുംറ നയിക്കുന്ന ബൗളിങ് നിരയിൽ മുഹമ്മദ് സിറാജ്, അർഷദീപ് സിങ് എന്നിവരാണ് പേസർമാർ. കുൽദീപ് യാദവും യുസ്‌വേന്ദ്ര ചാഹലുമാണ് സ്പിൻ ദ്വയം. 15 അംഗ ടീമിന് പുറമെ റിസർവ് താരങ്ങളായി ശുഭ്മാൻ ഗിൽ, റിങ്കു സിങ്, ഖലീൽ അഹമ്മദ്, ആവേശ് ഖാൻ എന്നിവരെയും പ്രഖ്യാപിച്ചു.

ഐപിഎല്ലിൽ മുംബൈ ഇന്ത്യൻസിന്റെ പരാജയങ്ങളും മോശം പ്രകടനവും തുടർന്നുണ്ടായ വിമർശനങ്ങളും തിരിച്ചടിയായിട്ടും ഹർദികിൽ വീണ്ടും സെലക്ടർമാർ വിശ്വസമർപ്പിച്ചു. മുംബൈ ഇന്ത്യൻസിന്റെ പുതിയ നായകനും സ്റ്റാർ ഓൾ റൗണ്ടറുമായ ഹാർദ്ദിക് പാണ്ഡ്യ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ സ്ക്വാഡിന്റെ വൈസ് ക്യാപ്റ്റനായി.

മോശം ഫോമിലുള്ള ഹാർദ്ദിക് പാണ്ഡ്യയ്ക്ക് പകരം മറ്റൊരു ഉപനായകനെ ഇന്ത്യ പരീക്ഷിക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. റിഷഭ് പന്തിനെ ഉപനായകനാക്കാനായിരുന്നു ആലോചന. ഇന്ത്യൻ പ്രീമിയർ ലീഗിൽ പാണ്ഡ്യയേക്കാൾ മികച്ച പ്രകടനമാണ് പന്ത് പുറത്തെടുക്കുന്നത്. ഇന്ത്യൻ പ്രീമിയർ ലീഗിൽ ഒമ്പത് മത്സരങ്ങളിൽ മൂന്നെണ്ണം മാത്രമാണ് ഹാർദ്ദിക് പാണ്ഡ്യ നയിക്കുന്ന മുംബൈ ഇന്ത്യൻസിന് വിജയിക്കാനായത്. ആറ് പോയിന്റുമായി ഒൻപതാം സ്ഥാനത്താണ് മുംബൈ.

ടി20 ലോകകപ്പ് ടീം പ്രഖ്യാപിച്ചപ്പോൾ പ്രമുഖരുടെ അസാന്നിദ്ധ്യം ശ്രദ്ധേയം. ഏറെ നാളായി ഇന്ത്യൻ ടീമിൽ സ്ഥിര സാന്നിദ്ധ്യമായിരുന്ന ശ്രേയസ് അയ്യർക്കും കെഎൽ രാഹുലിനുമാണ് ഏറ്റവും വലിയ തിരിച്ചടി. അടുത്ത നായകനെന്ന് വിലയിരുത്തപ്പെടുന്ന രാഹുൽ റിസർവ്വ് താരമായി പോലും ടീമിൽ ഇടംപിടിച്ചില്ല.

ഐപിഎല്ലിൽ ഏറെ റൺസ് അടിച്ചുകൂട്ടുമ്പോഴും പലപ്പോഴും പ്രഹരശേഷി ഉയർത്താനാകാതെ പോകുന്നതാണ് രാഹുലിന് തിരിച്ചടിയായത്. മറുവശത്ത് ഗില്ലും സഞ്ജുവും ഐപിഎല്ലിൽ മികച്ച പ്രകടനം പുറത്തെടുത്തതോടെ രാഹുലിന് പുറത്തേക്കുള്ള വഴി തുറന്നു. രാഹുലിനെ കൂടാതെ മറ്റൊരു വിക്കറ്റ് കീപ്പർ ബാറ്റർ ഇഷാൻ കിഷനും ഇന്ത്യൻ ടീമിൽ നിന്നും പുറത്തായി.ഐപിഎല്ലിന് മുമ്പ് ശ്രേയസ് ബിസിസിഐയ്ക്ക് അനഭിതനായതാണ് പുറത്തേക്കുള്ള വഴി തെളിഞ്ഞതെന്നാണ് സൂചന.

ശുഭ്മാൻ ഗില്ലിന് പകരം ഓപ്പണറായി രോഹിത്തിനൊപ്പം യശ്വസി ജയ്സ്വാളിനാണ് ടീമിൽ ഇടം ലഭിച്ചത്. മൂന്നാം സ്ഥാനത്ത് വിരാട് കോലിയും ടീമിലെത്തിയതോടെ ഗില്ലിന്റെ ടീമിലേക്കുള്ള വരവ് അടയുകയായിരുന്നു. എങ്കിലും ഗില്ലിനെ പൂർണ്ണമായും അവഗണിക്കാൻ സെലക്ടർമാർക്ക് കഴിയുമായിരുന്നില്ല. ഇതോടെ റിസർവ് ടീമിൽ ഗില്ലിനെ ഉൾപ്പെടുത്തി. അതേസമയം 89 ശരാശരിയും 176.24 സ്ട്രൈക്ക് റേറ്റുമുള്ള റിങ്കുവിനെ പുറത്താക്കിയതിൽ ആരാധകർ രംഗത്തെത്തിയിട്ടുണ്ട്.

ടി20 ക്രിക്കറ്റിൽ 190 മത്സരങ്ങളിൽ നിന്നായി 32.10 ശരാശരിയിൽ 4752 റൺസാണ് റിഷഭ് പന്ത് നേടിയിട്ടുള്ളത്. 25 അർധസെഞ്ച്വറികളും പന്ത് സ്വന്തമാക്കിയിട്ടുണ്ട്. സഞ്ജുവാകട്ടെ 266 ടി20 മത്സരങ്ങളിൽ നിന്നും 29.35 ശരാശരിയിൽ 6,575 റൺസാണ് നേടിയിട്ടുള്ളത്. ഇന്ത്യൻ ടീമിന് വേണ്ടി 66 ടി20 മത്സരങ്ങളാണ് പന്ത് കളിച്ചിട്ടുള്ളത്. ഇതിൽ നിന്നും 22.43 ശരാശരിയിൽ 987 റൺസ് നേടി. മൂന്ന് അർധസെഞ്ചുറികൾ ഇതിൽ ഉൾപ്പെടും. 25 ടി20 മത്സരങ്ങൾ ഇന്ത്യയ്ക്കായി കളിച്ച സഞ്ജുവിനാകട്ടെ ഇത്രയും മത്സരങ്ങളിൽ നിന്നും 374 റൺസേ നേടാനായിട്ടുള്ളൂ.

ഐപിഎല്ലിൽ 161 മത്സരങ്ങളിൽ നിന്നും 30.96 ശരാശരിയിൽ 4,273 റൺസ് സഞ്ജുവിനുണ്ട്. 109 മത്സരങ്ങളിൽ നിന്നും 3,236 റൺസ് നേടിയിട്ടുള്ള റിഷഭ് പന്തിന് 35.56 എന്ന മികച്ച ശരാശരി ഐപിഎല്ലിലുണ്ട്. കൂടാതെ ഒരു സീസണിൽ 600ലധികം റൺസ് നേടാനും പന്തിന് സാധിച്ചിട്ടുണ്ട്.

2024ലെ ഐപിഎൽ സീസണിൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ് ഇരുതാരങ്ങളും. റിഷഭ് പന്ത് 11 മത്സരങ്ങളിൽ നിന്നും 398 റൺസും സഞ്ജു സാംസൺ ഒമ്പത് മത്സരങ്ങളിൽ നിന്നും 385 റൺസുമാണ് ഇതുവരെ നേടിയിട്ടുള്ളത്.

# വേനൽ കടുക്കുന്നു: മൃഗസംരക്ഷണ വകുപ്പ് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു

വേനൽ കടുക്കുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ക്ഷീര കർഷകർക്കായി ജാഗ്രത നിർദേശങ്ങൾ പുറപ്പെടുവിച്ചു. സൂര്യഘാതം ഏറ്റവും കൂടുതൽ സംഭവിക്കാൻ സാധ്യതയുള്ള രാവിലെ 11 മുതൽ വൈകിട്ട് നാലു വരെ പൊള്ളുന്ന വെയിലിൽ തുറസായ സ്ഥലത്തു മേയാൻ വിടുന്നത് ഒഴിവാക്കണം. 11നു മുൻപും നാലിനു ശേഷവും മാത്രം പശുക്കളെ മേയാൻ വിടണം.

തൊഴുത്തിൽ വായുസഞ്ചാരം ഉറപ്പാക്കണം. ഫാൻ സജ്ജീകരിക്കുന്നതു തൊഴുത്തിലെ ചൂട് കുറയ്ക്കാൻ സഹകരമാവും. മേൽക്കൂരയ്ക്ക് മുകളിൽ പച്ചക്കറി പന്തൽ / തുള്ളി നന/ സ്പ്രിങ്ക്ളർ / നനച്ച ചാക്കിടുന്നത് ഉത്തമമാണ്.

ശുദ്ധമായ തണുത്ത കുടിവെള്ളം ദിവസത്തിൽ എല്ലാ സമയവും ലഭ്യമായിരിക്കണം (കറവപശുക്കൾക്ക് 80 100 ലിറ്റർ വെള്ളം / ദിവസം) ധാരാളം പച്ചപ്പുല്ല് തീറ്റയായി ലഭ്യമാക്കണം.മികച്ച ഖരാഹാരം അഥവാ കാലിത്തീറ്റ രാവിലെയും വൈകിട്ടുമായും വൈക്കോൽ രാത്രിയിലുമായി പരിമിതപ്പെടുത്തണം.

ചൂടും ഈർപ്പവും (ഹ്യൂമിഡിറ്റി) കൂടിയ പകൽ സമയങ്ങളിൽ നനയ്ക്കുന്നത് മൂലം കന്നുകാലികളുടെ ശരീരം പെട്ടെന്ന് തണുക്കുകയും തുടർന്ന് ശരീരോഷമാവ് സ്വയം നിയന്ത്രിക്കുന്നതിലേക്കായി കുറച്ചു സമയത്തിന് ശേഷം ശരീരോഷ്മാവ് സ്വയം വർദ്ധിക്കുന്നതിനും മറ്റു അസ്വസ്ഥതകൾക്കും കാരണമാകും. താരതമ്യേന ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടും മാത്രം കന്നുകാലികളെ നനയ്ക്കാൻ ശ്രദ്ധിക്കണം.

കനത്ത ചൂട് മൂലം കന്നുകാലികളിൽ കൂടുതൽ ഉമിനീർ നഷ്ടപ്പെടുന്നത് മൂലം ദഹനക്കേടും വയറിളക്കവും ഉണ്ടാകാൻ സാധ്യതയുണ്ട്. ധാതുലവണ മിശ്രിതം, അപ്പക്കാരം, വിറ്റാമിൻ എ, ഉപ്പ്, പ്രോബയോട്ടിക്സ് എന്നിവ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം കറവപ്പശുക്കളുടെ തീറ്റയിൽ ഉൾപ്പെടുത്തണം. വേനൽ ചൂട് മൃഗങ്ങളുടെ ശരീര സമ്മർദ്ദം കൂട്ടുകയും പ്രതിരോധശേഷി കുറയ്ക്കുകയും ചെയ്യുന്നു. ചൂടുകാലത്തു ബാഹ്യ പരാദങ്ങളായ പട്ടുണ്ണി, ചെള്ള്, പേൻ , ഈച്ച തുടങ്ങിയവ പെറ്റുപെരുകുന്ന സമയമായതിനാൽ അവ പരത്തുന്ന മാരകരോഗങ്ങളായ തൈലേറിയാസിസ്, അനാപ്ലാസ്മോസിസ്, ബബീസിയോസിസ് എന്നിവ കൂടുതലായി കണ്ടു വരുന്നു. ചൂട് കാലത്തു ഇത്തരം ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ കൂടി കർഷകർ സ്വീകരിക്കണം.

ബാക്ടീരിയ പരത്തുന്ന അകിടുവീക്കം വേനൽക്കാലത്തു സാധാരണ കണ്ടുവരുന്ന അസുഖമാണ്. ഇതു നിയന്ത്രിക്കുന്നതിനു കറവയുള്ള മൃഗങ്ങളുടെ അകിടിൽ നിന്നും പാൽ പൂർണമായി കറന്ന് ഒഴിവാക്കേണ്ടതും ചൂട് കുറഞ്ഞ രാവിലെയും വൈകിട്ടുമായി കറവ ക്രമീകരിക്കണം. കൃഷിപ്പണിക്കു പയോഗിക്കുന്ന കന്നുകാലികളെ രാവിലെ 11 മുതൽ വൈകിട്ടു നാലു വരെയുള്ള സമയങ്ങളിൽ കൃഷിപ്പണിക്കായി നിയോഗിക്കരുത്. പ്രാദേശികമായി പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യണം.

സൂര്യാഘാത ലക്ഷണങ്ങളും ശ്രദ്ധിക്കണം. തളർച്ച, ഭക്ഷണം വേണ്ടായ്ക, പനി, വായിൽ നിന്നും നുരയും പതയും വരിക, വായ തുറന്ന ശ്വസനം, പൊള്ളിയ പാടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ വിദഗ്ദ്ധ ചികിത്സ തേടണം.

സൂര്യാഘാതമേറ്റാൽ ആദ്യം ചെയ്യേണ്ടത്

1. തണുത്ത വെള്ളം തുണിയിൽ മുക്കി ശരീരം നന്നായി തുടയ്ക്കുക.

2. കുടിക്കാൻ ധാരാളം വെള്ളം നൽകുക

വേനൽക്കാലത്ത് അരുമ മൃഗങ്ങളുടെ പരിപാലനം

വളർത്തു മൃഗങ്ങൾക്ക് എല്ലായ്പ്പോഴും ശുദ്ധമായ തണുത്ത ജലം കുടിയ്ക്കാൻ പാകത്തിന് എല്ലാസമയത്തും ലഭ്യമാണെന്ന് ഉറപ്പാക്കുക.

പകൽ സമയത്തു അടച്ചിട്ടതും വായു സഞ്ചാരമില്ലാത്തതുമായ മുറികളിൽ അരുമമൃഗങ്ങളെ പാർപ്പിക്കരുത്.

ഫാനുകളോ എയർ കൂളറുകളോ ഉള്ള മുറികളിൽ പകൽ സമയങ്ങളിൽ അരുമ മൃഗങ്ങളെ പാർപ്പിക്കുന്നതു അഭികാമ്യം ആയിരിക്കും.

രോമം കൂടിയ ഇനത്തിൽ പെട്ട അരുമ മൃഗങ്ങളെ വേനൽക്കാലത്തു ഗ്രൂമിംഗിന് വിധേയമാക്കി അവയുടെ രോമക്കെട്ടുകളുടെ അളവു കുറയ്ക്കുന്നത് ചൂട് കുറക്കുന്നതിന് സഹായകരമാകും.

കോൺക്രീറ്റ്/ ടിൻ ഷീറ്റു കൊണ്ടുള്ള കൂടുകളുടെ മേൽക്കൂരകളിൽ നനഞ്ഞ ചണം ചാക്ക് വിരിക്കുന്നതും ഇടയ്ക്കിടയ്ക്ക് ചാക്കിൽ വെള്ളം തളിക്കുന്നതും കൂടുകളിൽ ചൂട് കുറക്കുന്നതിന് സഹായകരമായിരിക്കും.

രാവിലെ ഒൻപതു മണി മുതൽ വൈകീട്ട് നാല് മണി വരെയുള്ള സൂര്യപ്രകാശത്തിനു ചൂട് വളരെ കൂടുതലായതിനാൽ അവയെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽ നേരിട്ട് സൂര്യപ്രകാശം പതിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക.

ശുദ്ധമായ കുടിവെള്ളത്തോടൊപ്പം വിറ്റാമിൻ തുള്ളിമരുന്നുകൾ നൽകുന്നത് ചൂടുകാലത്തു ഓമന മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് പ്രതിരോധം തീർക്കാൻ സഹായകരമായിരിക്കും

ചൂടുകാലത്തു ബാഹ്യ പരാദങ്ങൾ പെറ്റുപെരുകുന്ന സമയമായതിനാൽ ബാഹ്യ പരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ കൂടി അരുമ മൃഗങ്ങളുടെ ഉടമസ്ഥർ സ്വീകരിക്കേണ്ടതാണ്.

ചൂട് കൂടിയ ഉച്ച സമയങ്ങളിൽ ആഹാരം നൽകാതെ ചൂട്കുറവുള്ള സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകീട്ടും പല നേരങ്ങളിലായി എളുപ്പം ദഹിക്കുന്ന ആഹാരം നൽകുന്നതാണ് നല്ലത്.

അടച്ചിട്ട കാറുകളിൽ അരുമ മൃഗങ്ങളെ ഒറ്റക്കാക്കി ഉടമസ്ഥർ പുറത്തുപോകരുത് .

വളർത്തു മൃഗങ്ങളുമായുള്ള വാഹനത്തിലെ യാത്രകൾ കഴിവതും രാവിലെയും വൈകിട്ടുമായി ക്രമീകരിക്കേണ്ടതാണ്.

യാത്രകളുടെ ഇടവേളകളിൽ ശുദ്ധമായ കുടിവെള്ളം നൽകേണ്ടതാണ്.

ചൂട് കൂടിയ പകൽ സമയങ്ങളിൽ റോഡിലോ കോൺക്രീറ്റ് നടപ്പാതയിലോ അരുമ മൃഗങ്ങളെ നടത്തരുത്.

ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടും മാത്രം അരുമ മൃഗങ്ങളെ നടത്താനും വ്യായാമത്തിനും കൊണ്ട് പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

സൂര്യാഘാതത്തിന്റെ ലക്ഷണങ്ങൾ

ശരീരോഷ്മാവ് വർധിക്കുക ,

അമിതമായ ശ്വാസോച്ഛ്വാസം,

സാധാരണ ഗതിയിലും കൂടുതലായി ഉമിനീർ കാണുക,

വിറയൽ തളർന്നു വീഴുക,

ആഹാരം കഴിയ്ക്കാതിരിക്കുക,

ക്ഷീണം, ഛർദി

സൂര്യാഘാതമേറ്റാൽ ആദ്യം ചെയ്യേണ്ടത്

1. സൂര്യാഘാതമേറ്റാൽ ഉടൻ തന്നെ തണലുള്ള സ്ഥലത്തേക്ക് മാറ്റുക.

2. തണുത്ത വെള്ളം തുണിയിൽ മുക്കി ശരീരം നന്നായി തുടയ്ക്കുക.

3. കുടിക്കാൻ തണുത്ത വെള്ളം നൽകുക.

4. ഉടൻ തന്നെ വിദഗ്ദ്ധ ചികിത്സ തേടുക

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനത്തിന് തുടക്കമായി : മന്ത്രി വി ശിവൻകുട്ടി

ഇന്ത്യയിലെ ആദ്യത്തേതും ബൃഹത്തായതുമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധ്യാപക പരിശീലനം കേരളത്തിൽ തുടക്കമായതായി മന്ത്രി വി ശിവൻകുട്ടി പത്രസമ്മേളനത്തിൽ അറിയിച്ചു. ഇതിന്റെ മൊഡ്യൂൾ കഴിഞ്ഞ ദിവസം മൂന്നാറിൽ പ്രകാശനം ചെയ്തു. മെയ് 2 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടു നിൽക്കുന്ന ഈ പരിശീലനത്തിൽ എൺപതിനായിരം അധ്യാപകർ പങ്കെടുക്കും. ഓരോ അധ്യാപകർക്കും ഇന്റർനെറ്റ് സംവിധാനമുള്ള ലാപ്ടോപ്പും മൊബൈൽ ഫോണും ഉപയോഗിച്ച് പ്രായോഗിക പരിശീലനമാണ് നൽകുന്നത്. എ.ഐ. സാധ്യതകൾ പരിചയപ്പെടുത്തുന്നതോടൊപ്പം തന്നെ അവയുടെ പരിമിതികളും ഡീപ്പ് ഫെയ്ക്, സ്വകാര്യത പ്രശ്നം തുടങ്ങിയ മേഖലകളിലും അധ്യാപകർക്ക് ഈ പരിശീലനത്തിലൂടെ ബോധവൽക്കരണം നടത്തും. ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ അവയുടെ അക്കാദമിക മൂല്യം നഷ്ടപ്പെടാതെ ക്ലാസ് മുറികളിൽ പ്രയോഗിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുകയാണ് പരിശീലനം കൊണ്ട് ലക്ഷ്യം വെയ്ക്കുന്നത്. ആദ്യ ഘട്ടത്തിൽ എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള മുഴുവൻ അധ്യാപകരെയും പരിശീലിപ്പിക്കും. രണ്ടാം ഘട്ടത്തിൽ പ്രൈമറി മേഖലയിലേക്കും അപ്പർ പ്രൈമറി മേഖലിലേയ്ക്കും പരിശീലനം വ്യാപിപ്പിക്കും. ഡിസംബർ 31 ഓടു കൂടി കേരളത്തിലെ മുഴുവൻ അധ്യാപകർക്കും ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പ്രായോഗിക പരിശീലനം നൽകി മറ്റൊരു കേരള മാതൃക രാജ്യത്തിന് മുന്നിൽ കാഴ്ച വെയ്ക്കുമെന്നും മന്ത്രി പറഞ്ഞു.

# ഫാർമസി കോഴ്സ് പ്രവേശനം

ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ കോഴ്സുകളിൽ ചേരുന്നതിന് മുൻപ് കോഴ്സുകൾക്കും സ്ഥാപനങ്ങൾക്കും ആരോഗ്യ സർവകലാശാല/ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്/ ഫാർമസി കൗൺസിൽ എന്നിവയുടെ അംഗീകാരം ഉണ്ടോ എന്ന് ഉറപ്പു വരുത്തണമെന്ന് ഡയറക്ടർ അറിയിച്ചു. ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത കുടുംബശ്രീ സംരംഭം എന്ന പേരിൽ അനധികൃതമായ സ്മാർട്ട് ശ്രീ എന്ന സ്ഥാപനം ഡിപ്ലോമ ഇൻ ഫാർമസി അസിസ്റ്റന്റ് എന്ന കോഴ്സിലേക്ക് പ്രവേശനത്തിന് പത്ര / ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകി അപേക്ഷ ക്ഷണിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

# സ്ത്രീകളുടെ പുനരധിവാസത്തിൽ മഹിളാ സമഖ്യ

നിർണായക പങ്ക് വഹിക്കുന്നു : മന്ത്രി വി ശിവൻകുട്ടി

കേരളത്തിലെ നൂറ്റിയൊന്ന് പഞ്ചായത്തുകളിൽ സ്ത്രീ പുനരധിവാസ പദ്ധതികളിൽ മഹിളാസമഖ്യ നിർണായക പങ്ക് വഹിക്കുന്നതായി മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ ആറാമത് ജനറൽ കൗൺസിൽ യോഗത്തിനുശേഷം മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി. വിവിധ രീതിയിലുള്ള അതിക്രമങ്ങൾ നേരിട്ട് സ്വന്തം വീടുകളിൽ താമസിക്കാൻ സാഹചര്യമില്ലാത്ത പതിനെട്ട് വയസ്സിന് താഴെയുള്ള പെൺകുട്ടികൾ മഹിളാ സമഖ്യ ശിക്ഷൺ കേന്ദ്രങ്ങളിൽ താമസിച്ചാണ് വിദ്യാഭ്യാസം നേടുന്നത്. മഹിളാ സമഖ്യ വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഠനത്തിൽ നിന്ന് വിട്ട് നിന്ന മൂവായിരത്തി ഇരുപത് പേർക്ക് വിദ്യാഭ്യാസ തുടർച്ചയ്ക്ക് പിന്തുണ നൽകാൻ മഹിളാ സമഖ്യയ്ക്ക് ആയിട്ടുണ്ട്. ഇതിൽ ഒരാൾ എൽ.എൽ.ബി. കോഴ്സാണ് പഠിച്ചത്. വയനാട് ജില്ലയിൽ മാത്രം അഞ്ഞൂറ്റി അറുപത്തിയാറ് പേർക്കാണ് പഠനപിന്തുണ നൽകിയതെന്നും മന്ത്രി പറഞ്ഞു.

# വിജ്ഞാനവേനൽ അഡ്മിഷൻ

തിരുവനന്തപുരം നന്തൻകോട് നളന്ദയിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ള സംസ്കൃതിഭവൻ അഭിജിത്ത് ഫൗണ്ടേഷന്റെ സഹകരണത്തോടെ മേയ് 7 മുതൽ 11 വരെ അവധിക്കാല കൂട്ടായ്മ സംഘടിപ്പിക്കുന്നു. ദിവസവും രാവിലെ 10ന് ക്ലാസുകൾ ആരംഭിക്കും. ഏഴു മുതൽ 12ാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് പ്രവേശനം. 1000 രൂപ രജിസ്ട്രേഷൻ ഫീസ്. പരമാവധി 100 വിദ്യാർഥികൾക്ക് പ്രവേശനം നൽകും. വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി. എസ്. പ്രദീപാണ് ക്യാമ്പ് ഡയറക്ടർ. വൈലോപ്പിള്ളി സംസ്കൃതിഭവൻ ഓഫീസിൽ നിന്ന് നേരിട്ടും ഓൺലൈനായും അപേക്ഷ ഫോം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 2311842, 8289943307. ഇമെയിൽ : directormpcc@gmail.com .

# തിരുവനന്തപുരം മെഡിക്കൽ കോളജിൽ ജീവനക്കാരിയെ രോഗി ആക്രമിച്ചു

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളജ് ജീവനക്കാരിയെ രോഗി ആക്രമിച്ചതായി പരാതി. ആക്രമണത്തിൽ പരിക്കേറ്റ എംആർഐ സ്കാനിംഗ് വിഭാഗത്തിലെ ജീവനക്കാരി ജയകുമാരിയെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ചൊവ്വാഴ്ച ഉച്ചയ്ക്കുണ്ടായ സംഭവത്തിൽ പൂവാർ സ്വദേശി അനിലിനെ പോലീസ് കസ്റ്റഡിയിലെടുത്തു. സ്കാനിങ്ങിനു തീയതി നൽകിയില്ലെന്നു പറഞ്ഞ് ഇരുവരും തമ്മിൽ തർക്കമുണ്ടായിരുന്നു. തുടർന്ന് അനിൽ കൈയിൽ കരുതിയിരുന്ന ഇടിവള കൊണ്ട് ജയകുമാരിയുടെ മുഖത്ത് ഇടിക്കുകയായിരുന്നു. മുഖത്തെ എല്ലുകൾക്ക് പൊട്ടലുണ്ടെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

# ഡെങ്കിപ്പനി തടയാൻ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം: മന്ത്രി വീണാ ജോർജ്

### തദ്ദേശ സ്ഥാപന തലത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കണം

### ഉഷ്ണതരംഗം, മഴക്കാലപൂർവ ശുചീകരണം: മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ ഡെങ്കിപ്പനി വ്യാപനത്തിന് സാധ്യതയുള്ളതിനാൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വേനൽ മഴയും തുടർന്ന് മഴക്കാലവും വരുന്നതോടെ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഡെങ്കിപ്പനി വ്യാപനത്തിന് ഏറെയാണ്. അതിനാൽ വകുപ്പുകൾ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണം. കേരള പൊതുജനാരോഗ്യ നിയമമനുസരിച്ച് യോഗങ്ങൾ ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. മെഡിക്കൽ ഓഫീസർ പബ്ലിക് ഹെൽത്ത് ഓഫീസറായതിനാൽ യോഗം ചേർന്ന് പ്രാദേശികമായി പ്രവർത്തനങ്ങൾ നടത്തണം. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് തുടർച്ചയായ പ്രവർത്തനങ്ങൾ നടത്തണം. വാർഡ്തല സാനിറ്ററി കമ്മിറ്റികളുടെ പ്രവർത്തനം ശക്തമാക്കണം. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും കൊതുകിന്റെ ഉറവിട നശീകരണവും വളരെ പ്രധാനമാണ്. ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും മന്ത്രി നിർദേശം നൽകി.

ഉഷ്ണ തരംഗത്തിന്റെ നിലവിലെ സാഹചര്യവും മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു. ആരോഗ്യ ജാഗ്രത കലണ്ടർ അനുസരിച്ചുള്ള ഡ്രൈ ഡേ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടത്താൻ മന്ത്രി നിർദേശം നൽകി. ഇടവിട്ടുള്ള മഴ, അമിതമായ ചൂട്, കാലാവസ്ഥ വ്യതിയാനം എന്നിവ കാരണം പലതരം പകർച്ചവ്യാധികളുണ്ടാകാൻ സാധ്യതയുണ്ട്. അതനുസരിച്ചുള്ള ജാഗ്രത പാലിക്കണം. ഡെങ്കിപ്പനി ചെറുതായി വർധിച്ചു വരുന്നതായാണ് സൂചന. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകൾ വളരെയധികം ശ്രദ്ധിക്കണം. തദ്ദേശ സ്ഥാപന തലത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കാൻ നിർദേശം നൽകി. വീടിനും സ്ഥാപനങ്ങൾക്കും അകത്തും പുറത്തും വെള്ളം കെട്ടി നിർത്താനുള്ള സാഹചര്യം ഒഴിവാക്കണം. ഡെങ്കിപ്പനി പ്രതിരോധം എല്ലാവരുടേയും ഉത്തരവാദിത്തമാണ്.

എലിപ്പനി ഏറെ ശ്രദ്ധിക്കണം. മലിന ജലത്തിലിറങ്ങുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തണം.

എച്ച് 1 എൻ 1, ചിക്കൻ പോക്സ്, ഹെപ്പറ്റൈറ്റിസ്, മലമ്പനി, ജലജന്യ രോഗങ്ങൾ തുടങ്ങിയവയും റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിഥി തൊഴിലാളികളിലുൾപ്പെടെ മലമ്പനി റിപ്പോർട്ട് ചെയ്തതിനാൽ പ്രതിരോധം ശക്തമാക്കണം. തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ അവബോധം ശക്തമാക്കും. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കും. താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി തുടരുന്നു. സംസ്ഥാന തലത്തിൽ പക്ഷിപ്പനി പ്രതിരോധത്തിന് എസ്.ഒ.പി. തയ്യാറാക്കാൻ നിർദേശം നൽകി. കോഴിക്കോട്, വയനാട് ജില്ലകളിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം.

ഉഷ്ണ തരംഗം തുടരുന്നതിനാൽ രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണിവരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ശുദ്ധമായ വെള്ളം മാത്രമേ കുടിക്കാവൂ. തിളപ്പിച്ചാറ്റിയ വെള്ളം നല്ലത്. ഭക്ഷ്യ വസ്തുക്കൾ തുറന്ന് വയ്ക്കരുത്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ തോന്നിയാൽ ഉടൻ ചികിത്സ തേടേണ്ടതാണ്.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ, മെഡിക്കൽ കോളേജുകളിലെ വിദഗ്ധ ഡോക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കാട്ടാമ്പള്ളിയിലെ കയാക്കിംഗ് സെൻററിന് പൂട്ട്

കണ്ണൂർ: സാഹസിക വിനോദ സഞ്ചാരികൾക്കായി കാട്ടാമ്പള്ളിയിൽ തുടങ്ങിയ കയാക്കിംഗ് സെൻററിന് പൂട്ടുവീണിട്ട് ഒരു മാസം. ബംഗളൂരു ആസ്ഥാനമായുള്ള മിഡ്ടൗൺ ഇൻഫ്രയായിരുന്നു സെൻറർ ഏറ്റെടുത്ത് നടത്തിയിരുന്നത്. ഇവർ നടത്തിപ്പിൽ നിന്ന് പിൻമാറിയതോടെയാണ് കയാക്കിംഗ് കേന്ദ്രത്തിന് പൂട്ടുവീണത്. ജലസാഹസിക വിനോദ മേഖലയിലെ പ്രമുഖ സ്ഥാപനമായ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സുമായി ചേർന്ന് കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ട് ഘട്ടങ്ങളിലായാണ് കയാക്കിംഗ് സെൻററിൻറെ നിർമാണ പ്രവൃത്തികൾ നടന്നത്.

ആദ്യഘട്ടത്തിൽ 80,80,172 രൂപ ചെലവിൽ 200 ചതുരശ്ര മീറ്ററിൽ ഇരുനില കെട്ടിടവും പത്ത് സിംഗിൾ കയാക്ക്, 14 ഡബിൾ കയാക്ക് വഞ്ചികളും ഒരുക്കിയിരുന്നു. കെട്ടിടത്തിൽ കയാക്ക് സ്റ്റോർ, ടോയ്‌ലറ്റ് സൗകര്യം, അടുക്കള, കഫ്റ്റീരിയ എന്നിവയും ഉണ്ടായിരുന്നു. രണ്ടാം ഘട്ടത്തിൽ ചുറ്റുമതിൽ പാർക്കിംഗ് ഏരിയ ഇൻറർലോക്കിംഗ്, ഫ്ലോട്ടിംഗ് ബോട്ട് ജെട്ടി, എന്നിവ പൂർത്തിയാക്കി. ഒരു പെഡൽ ബോട്ട്, ഒരു സ്പീഡ് ബോട്ട്, നാല് കയാക്ക് വഞ്ചികൾ എന്നിവയും രണ്ടാം ഘട്ടത്തിൻറെ ഭാഗമായി ഒരുക്കിയിരുന്നു.കൊച്ചി കേന്ദ്രമായ വാപ്കോസാണ് നിർമണ പ്രവൃത്തികൾ നടത്തിയത്. ഇതോടൊപ്പം തുടങ്ങിയ റസ്റ്റോറൻറും കുട്ടികളുടെ പാർക്കുമെല്ലാം ഇപ്പോൾ പൂട്ടികിടക്കുകയാണ്. നടത്തിപ്പിനായി പുതിയ ആളുകളെ ഉടൻ നിയമിക്കുമെന്ന് അധികൃതർ അറിയിച്ചു.

കയാക്കിംഗ് പരിശീലന കേന്ദ്രം തുടങ്ങിയില്ല

കയാക്കിംഗ് സെൻററോട് അനുബന്ധിച്ച് സാഹസിക വിനോദ സഞ്ചാരികൾക്കായി കയാക്കിംഗ് പരിശീലന കേന്ദ്രം തുടങ്ങുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇതുവരെ തുടക്കമായില്ല. കാട്ടാമ്പള്ളി പുഴയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് കയാക്കിംഗ് പരിശീലനം തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്. 1.8 കോടി രൂപ ചെലവിലായിരുന്നു നിർമാണം. പരിശീലന കേന്ദ്രം വന്നിരുന്നെങ്കിൽ കേരളത്തിലെ സർക്കാരിൻറെ കീഴിലുള്ള ആദ്യത്തെ കയാക്കിംഗ് പരിശീലന കേന്ദ്രത്തിന് തുടക്കമാവുമായിരുന്നു. ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സുമായി സഹകരിച്ച് കയാക്കിംഗ് സർട്ടിഫിക്കറ്റ് കോഴ്സുകൾ, ലൈഫ് സേവിംഗ് ടെക്നിക് കോഴ്സുകൾ, ഒളിമ്പിക് കയാക്ക് എന്നിവയാണ് പരിശീലന കേന്ദ്രത്തിൽ ഉൾപെടുത്താനിരുന്നത്.

# ഊട്ടിയിലേക്ക് വിനോദസഞ്ചാരികളുടെ പ്രവാഹം

ഗൂഡല്ലൂർ: ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായ ഊട്ടിയിലേക്ക് വിനോദ സഞ്ചാരികളുടെ പ്രവാഹം. സഞ്ചാരികളെ വരവേൽക്കാൻ ഊട്ടിയിലെ പുഷ്പ നഗരി ഒരുങ്ങി കഴിഞ്ഞു. കനത്ത ചൂടിൽ നിന്ന് രക്ഷതേടിയാണ് ജനങ്ങൾ ഊട്ടിയിലേക്ക് ഒഴുകുന്നത്. സഞ്ചാരികളെ വരവേൽക്കാൻ ടൂറിസം വകുപ്പും കാർഷിക വകുപ്പും ജില്ലാ ഭരണകൂടവും എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. മേയ് 17 മുതൽ 22 വരെയാണ് ലോക പ്രശസ്തമായ 126 ാമത് പുഷ്പ മഹോത്സവം നടക്കുന്നത്.

സസ്യോദ്യാനത്തിൽ 35,000 പൂച്ചെടികളാണ് തയാറാക്കിയിരിക്കുന്നത്. വെയിലിനെ പ്രതിരോധിക്കാൻ ഗ്ലാസ് ഷീറ്റ് പതിച്ച ഗാലറിയിലേക്ക് മാറ്റിയിരിക്കുകയാണ്. സഞ്ചാരികളുടെ മനംകവരുന്ന പല വിസ്മയ കാഴ്ചകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ശനി, ഞായർ തുടങ്ങിയ അവധി ദിവസങ്ങളിൽ സഞ്ചാരികളുടെ ഒഴുക്കാണ്.

മധ്യവേനലവധിക്ക് സ്കൂളുകൾ അടച്ചതോടെ കേരളം, കർണാടക, തമിഴ്നാട്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നും നൂറുക്കണക്കിന് സഞ്ചാരികളാണ് ഊട്ടിയിലേക്ക് എത്തുന്നത്. സഞ്ചാരികളുടെ വരവ് വർധിച്ചതോടെ ഊട്ടിയിൽ പോലീസ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഗൂഡല്ലൂർ ഭാഗങ്ങളിൽ നിന്ന് വരുന്ന ബസുകൾ, വാനുകൾ ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ ഫിങ്കർ പോസ്റ്റിൽ ഗോൾഫ് ക്ലബ് റോഡിൽ പാർക്ക് ചെയ്യണം. കുന്നൂർ ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾ ആവിൻ മൈതാനത്ത് പാർക്ക് ചെയ്യണം. ഈ നിയന്ത്രണം മേയ് 31 വരെ ഉണ്ടായിരിക്കും.

ഇവിടങ്ങളിൽ നിന്ന് സഞ്ചാരികൾക്ക് പ്രത്യേകമായി ഒരുക്കിയ സർക്യൂട്ട് ബസുകളിൽ കയറി വിവിധ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാം. മുതിർന്നവർക്ക് 100 രൂപയും കുട്ടികൾക്ക് 50 രൂപയുമാണ് ടിക്കറ്റ് ചാർജ്. ടിക്കറ്റിനു പകരം പാസാണ് നൽകുക. ഈ പാസ് ഉപയോഗിച്ച് സസ്യോദ്യാനം, റോസ് ഗാർഡൻ, ബോട്ട് ഹൗസ്, ദൊഡപേട്ട, ടീ ഫാക്ടറി, ബസ്റ്റാൻഡ് എന്നിവിടങ്ങളിൽ യാത്ര ചെയ്യാം. ഓരോ അരമണിക്കൂറുകളിലും ഓരോ പോയിൻറിലും ഒരു ബസ് എത്തും. ഒരു ദിവസം എപ്പോൾ വേണമെങ്കിലും മാറി മാറി യാത്ര ചെയ്യാം. ഇതിനായി 20 സ്പെഷൽ ബസുകൾ സർവീസ് ആരംഭിച്ചിട്ടുണ്ട്.

ലോഡ്ജുകളും ഹോട്ടലുകളും നിറഞ്ഞു. മുറികൾ ലഭിക്കണമെങ്കിൽ നേരത്തെ ബുക്ക് ചെയ്യണം. ചില ദിവസങ്ങളിൽ മുറി ലഭിക്കാതെ സഞ്ചാരികൾ പ്രയാസത്തിലാകാറുണ്ട്. പ്ലാസ്റ്റിക് കാരി ബാഗ്, ഒരിക്കൽ ഉപയോഗിക്കുന്ന പാത്രം, ഗ്ലാസ്, കുടിവെള്ള പ്ലാസ്റ്റിക് കുപ്പികൾ എന്നിവ കൊണ്ടു വന്നാൽ പിഴ നൽകേണ്ടി വരും. പ്രതിവർഷം 35 ലക്ഷം സഞ്ചാരികളാണെത്തുന്നത്. മേയ് 10 മുതലാണ് പുഷ്പ മേളയുടെ ഭാഗമായി നടക്കുന്ന വിവിധ മേളകൾ ആരംഭിക്കുക. പുഷ്പ മഹോത്സവത്തിന് പുറമേ പനിനീർ പൂമേള, പഴവർഗ മേള, പച്ചക്കറി മേള, സുഗന്ധ വ്യജ്ഞന പ്രദർശന മേള തുടങ്ങിയവയും നടക്കും.

# പഞ്ചായത്ത് സെക്രട്ടറിയുടെ അനാസ്ഥയിൽ ഉപരോധവുമായി പഞ്ചായത്തംഗം

ഇരിട്ടി: അയ്യൻകുന്ന് പഞ്ചായത്തിലെ കോളനികളിലും സംസ്കാരിക നിലയങ്ങളിലും വൈദ്യുത ബില്ല് അടയ്ക്കാതെ ഫ്യൂസ് ഊരിയതിലും കുടിവെള്ളം എത്താതതും പഞ്ചായത്ത് സെക്രട്ടറിയുടെ അനാസ്ഥ കാരണമാണെന്ന് ആരോപിച്ച് പഞ്ചായത്ത് ഓഫീസിനു മുന്നിൽ ഉപരോധ സമരം നടത്തി.

അയ്യൻകുന്ന് പഞ്ചായത്തിലെ പാലത്തിൻകടവ് വാർഡ് അംഗം ബിജോയി പ്ലാത്തോട്ടമാണ് ജീവനക്കാരെ ഉപരോധിച്ച് സമരം ചെയ്തത്.

ഒരാഴ്ച്ച മുന്പ് വൈദ്യുത ബില്ല് അടയ്ക്കാൻ ഭരണസമിതി ഉദ്യോഗസ്ഥർക്ക് നിർദേശം നല്കിയിട്ടും അടച്ചില്ലെന്നും പഞ്ചായത്ത് സെക്രട്ടറി മാസത്തിൽ പകുതി ദിവസവും ജോലിക്കെത്തുന്നില്ലെന്ന ആരോപണവും അദ്ദേഹം ഉയർത്തി. 10 സ്ഥാപനങ്ങളുടെ വൈദ്യുത ബില്ല് അടച്ചില്ലെന്നാണ് ആരോപണം. ഈന്തുംകരി വാർഡിലെ 34 ാം നമ്പർ പോളിംഗ് ബൂത്തിലെ കറൻറ് ബില്ല് അടയ്ക്കാത്തതിനെ തുടർന്ന് ഊരിയ ഫ്യൂസ് ഇലക്ഷൻ കമ്മീഷൻ ഉത്തരവിനെ തുടർന്ന് ഉടൻ ബില്ല് അടച്ച് പുനസ്ഥാപിച്ചു.സെക്രട്ടറി തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ വേണ്ടിയാണ് കറൻറ് ബില്ല് അടയ്ക്കാത്തത് എന്ന് വാർഡ് അംഗം തെരഞ്ഞെടുപ്പ് ഡസ്കിൽ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു ഒറ്റദിവസം കൊണ്ട് പ്രശ്നത്തിൽ തീരുമാനം ആയത്.

മറ്റ് സ്ഥലങ്ങളിൽ സെക്രട്ടറി ജോലിക്ക് എത്തുന്ന ദിവസം തന്നെ കറൻറ് ബില്ല് അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് പഞ്ചായത്ത് പ്രസിഡൻറ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നല്കിയ ഉറപ്പിന്മേലാണ് പഞ്ചായത്ത് അംഗം സമരം പ്രതിരോധം അവസാനിപ്പിച്ചത്.

# ജപ്തി നടപടികൾ നിർത്തിവയ്ക്കണം: കത്തോലിക്കാ കോൺഗ്രസ് പുൽപ്പള്ളി മേഖല

പുൽപ്പള്ളി: കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് പുൽപ്പള്ളി മേഖലാ കമ്മിറ്റി ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പ് കാലം കഴിഞ്ഞതോടെ കർഷകരുടെ വായ്പാ കുടിശികയിൽ വീണ്ടും ജപ്തി നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

കർഷകരെല്ലാം വലിയ പ്രയാസത്തിലാണ്. അതിരൂക്ഷമായ വരൾച്ചയും വന്യമൃഗശല്യവുമെല്ലാം കാർഷിക മേഖലയെ തകർത്തിരിക്കുകയാണ്. സാധാരണക്കാരായ കുടുംബങ്ങളുടെ വരുമാന മാർഗമായ ക്ഷീരമേഖലയും വരൾച്ചമൂലം പ്രതിസന്ധി നേരിടുകയാണ്. കൊടിയ വരൾച്ചയുണ്ടായിട്ടും ഈ പ്രദേശങ്ങളെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിക്കാനോ കൃഷി നശിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകാനോ സർക്കാരോ ബന്ധപ്പെട്ട വകുപ്പുകളോ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കർഷകരുടെ ജീവിതം വഴിമുട്ടിയ അവസ്ഥയിലാണ്. ഇത്തരമൊരു സാഹചര്യത്തിൽ കർഷകരുടെ ജപ്തി നടപടികൾ ഒഴിവാക്കി, കടങ്ങൾ എഴുതിത്തള്ളണമെന്ന് യോഗം പ്രമേയം പാസാക്കി. ഈ വിഷയത്തിൽ സർക്കാരിൻറെ ഭാഗത്തുനിന്നു മതിയായ ഇടപെടലുണ്ടായില്ലെങ്കിൽ ശക്തമായ സമരമാർഗങ്ങളിലേക്ക് തിരിയാനും കൗൺസിൽ യോഗം തീരുമാനിച്ചു. മേഖലാ ഡയറക്ടർ ഫാ. ജയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു.

തോമസ് പാഴൂക്കാല അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡൻറ് ഡോ. സാജു കൊല്ലപ്പള്ളി, ഡേവി ബത്തേരി എന്നിവർ പ്രസംഗിച്ചു. മേഖലാ ഭാരവാഹികൾ: സുനിൽ പാലമറ്റം (പ്രസിഡൻറ്), ജോർജ് കൊല്ലിയിൽ (സെക്രട്ടറി), ബീന ജോസ് കരുമാംകുന്നേൽ, സജി നന്പുടാകം (വൈസ് പ്രസിൻറ്), ബ്രിജേഷ് കാട്ടാംകോട്ടിൽ (ട്രഷറർ).

# നവീകരണത്തിൻറെ പേരിൽ കോടികൾ മുടക്കി; അട്ടക്കൊല്ലി ചിറയ്ക്ക് മാറ്റമില്ല

സുൽത്താൻ ബത്തേരി: നവീകരണത്തിൻറെ പേരിൽ കോടികൾ ചെലവാക്കിയിട്ടും മീനങ്ങാടിയിലെ അട്ടക്കൊല്ലി ചിറക്ക് യാതൊരു മാറ്റവുമില്ല. കാട് പിടിച്ചു കിടക്കുന്ന ചിറയും പരിസരവും കാഴ്ചപ്പാടില്ലാത്ത വികസനത്തിൻറെ പ്രതീകമാവുകയാണ്. മീനങ്ങാടി ബസ് സ്റ്റാൻഡിനോട് ചേർന്നാണ് അട്ടക്കൊല്ലി ചിറ എന്ന വലിയ കുളമുള്ളത്. പഞ്ചായത്തിൽ ഇതിനോടകം മാറിമാറി വന്ന ഭരണസമിതികൾ ഈ ചിറയുടെ വികസനത്തിനായി മത്സരിച്ചായിരുന്നു തുക ചെലവഴിച്ചത്. എന്നാൽ അതിനനുസരിച്ചുള്ള മാറ്റം ഒരിക്കൽ പോലും കുളത്തിൽ ഉണ്ടായില്ല.കുളത്തോടനുബന്ധിച്ച് ജൈവവൈവിധ്യ പാർക്ക് ആയിരുന്നു ഇവിടെ ഏറ്റവും ആകർഷണമായിരുന്നത്. ആറേഴു വർഷം മുൻപ് കുളത്തിന് ചുറ്റും സംരക്ഷണവേലി, നടപ്പാത എന്നിവയൊക്കെ നിർമിച്ചു. ഇതിനിടയിൽ നടപ്പാതയുടെ ഒരു ഭാഗം ഇടിഞ്ഞു വീണു. ഇതോടെ എല്ലാം നിർത്തിവയ്ക്കുകയായിരുന്നു.മീനങ്ങാടി ബസ് സ്റ്റാൻഡിൽ എത്തുന്നവർക്ക് സമയം ചെലവഴിക്കാൻ പറ്റിയ ഇടമായിരുന്നു അട്ടക്കൊല്ലി ചിറയും പരിസരവും. അതാണ് നവീകരണത്തിൻറെ പേരിൽ അലങ്കോലമായിക്കിടക്കുന്നത്. അരനൂറ്റാണ്ടുമുന്പ് മീനങ്ങാടി ടൗണിലെ പ്രധാന കുടിവെള്ള സ്രോതസായിരുന്നു അട്ടക്കൊല്ലി ചിറ.

# കൃഷിയിടത്തിൽ മയിലുകൾ കൂട്ടമായെത്തുന്നത് കർഷകരെ പ്രതിസന്ധിയിലാക്കുന്നു

പുൽപ്പള്ളി: കേരള, കർണാടക വനമേഖലകളിൽ പച്ചപ്പ് നഷ്ടമായതോടെ വനത്തിൽ നിന്നു മയിലുകൾ കൂട്ടത്തോടെ കൃഷിയിടത്തിലേക്കിറങ്ങുന്നത് കർഷകരെ വലയ്ക്കുന്നു.രാവിലെ മുതൽ തന്നെ കൃഷിയിടത്തിൽ കൂട്ടമായിറങ്ങുന്ന മയിലുകൾ വീട്ടുമുറ്റത്ത് പച്ചക്കറികളുൾപ്പടെ പൂർണമായി നശിപ്പിക്കുന്ന അവസ്ഥയാണ്. ആന, മാൻ, കാട്ടുപന്നി, കുരങ്ങുശല്യത്തിന് പുറമെ മയിൽ ശല്യംകൂടി വർധിച്ചതോടെ കർഷകർ ഏറെ പ്രതിസന്ധിയിലായിരിക്കുകയാണ്.

വനാതിർത്തി വനപ്രദേശങ്ങളിൽ മയിലുകൾ വർധിച്ചതായാണ് നാട്ടുകാർ പറയുന്നത്.കാടുകൾ വരണ്ടുണങ്ങാൻ തുടങ്ങിയതോടെ പച്ചപ്പ് നഷ്ടപ്പെട്ട് തീറ്റയൊന്നുമില്ലാതായതോടെയാണ് മയിലുകൾ കൂട്ടത്തോടെ നാട്ടിലേക്ക് പറന്നിറങ്ങുന്നത്. വനാതിർത്തിയിൽ ശല്യമില്ലാത്ത സ്ഥലങ്ങളിലാണ് മയിലുകളുടെ വാസം. കർഷകർ നട്ട് പിടിപ്പിച്ച പച്ചക്കറികളും ചെടികളുമെല്ലാം തിന്ന് നശിപ്പിക്കുകയാണ് മയിലുകൾ.

സ്വന്തം കൃഷിയിടത്തിൽ കൃഷി ചെയ്ത് അവ സംരക്ഷിക്കാൻ വലയും വേലിയും നിർമിക്കേണ്ട അവസ്ഥയിലാണ് കർഷകർ. പുൽപ്പള്ളി ടൗണിലെ കൃഷിയിടങ്ങളിൽ പോലും രാപകലില്ലാതെ മയിലുകൾ ഇറങ്ങുന്നത് മയിലുകളെ പ്രതിസന്ധിയിലായിരിക്കുകയാണ്.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2023 നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷയുടെ ഫലം പരീക്ഷാഭവന്റെ https://pareekshabhavan.kerala.gov.in/, http://nmmse.kerala.gov.in/ എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

# ഹരിതകേരളം മിഷൻ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവും ക്വിസ് മത്സരവും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വേൾഡ് വൈൽഡ് ലൈഫ് ഫണ്ടുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി ജൈവവൈവിധ്യ പഠനോത്സവവും ക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഹരിതകേരളം മിഷൻ യു.എൻ.ഡി.പി. പദ്ധയിലുൾപ്പെടുത്തി സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ കമ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് പരിപാടി. ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികളിലത്തിക്കാൻ ലക്ഷ്യമിട്ടാണ് ലോക ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് പഠനോത്സവവും ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുള്ളത്.

മേയ് ഏഴിന് ബ്ലോക്കുതലത്തിലും പത്തിന് ജില്ലാതലത്തിലും സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിലെ വിജയികളെ പങ്കെടുപ്പിച്ചാണ് മേയ് 20 മുതൽ മൂന്നു ദിവസം അടിമാലിയിൽ വച്ച് പഠനോത്സവ ക്യാമ്പ് സംഘടിപ്പിക്കുന്നത്. 7, 8, 9 ക്ലാസുകളിലേക്ക് എത്തുന്ന വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഹരിതകേരളം മിഷൻ ജില്ലാ ഓഫീസുകൾ വഴിയും റിസോഴ്സ് പേഴ്സൺമാർ വഴിയും മത്സരത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച വിശദവിവരങ്ങൾ അറിയാനാവും. ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടത്താം. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരിക്കും ക്വിസ് മത്സരം. ഇന്ററാക്ടീവ് അടിസ്ഥാനത്തിലാണ് ക്വിസ് മത്സരം. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകും. കൂടാതെ വിജയികൾക്ക് പ്രത്യേകം സർട്ടിഫിക്കറ്റും നൽകും. ക്വിസ് മത്സരത്തിലും പഠനോത്സവ ക്യാമ്പിലും പങ്കെടുക്കുന്നതിന് കുട്ടികൾക്കുള്ള താമസവും ഭക്ഷണവും ഉൾപ്പെടെ സൗജന്യമായിരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# Adani Ports & SEZ secures AAA ratings- India's first in private Infrastructure Development



Adani Ports & SEZ(APSEZ), one of the largest profit contributors for Adani Group has been given AAA rating by Care Ratings. This top assigned by credit-rating agencies signifies strongest level credit worthiness and the capacity to repay investors.

This achievement also holds major significance for India's private infrastructure sector, marking APSEZ as the first private infrastructure developer of its magnitude to get this recognition. Notably, Adani Energy Solution's two transmission assets—WTGL(West Transmission Gujarat Limited) and Alipurdwar—have also been rated AAA ratings by India Ratings. However, at the company level, APSEZ is the first.

The rating is largely driven by APSEZ's robust business model, strong growth in operations with healthy profitability, coupled with high liquidity and low leverage. "The ratings derive strength from healthy growth in scale of operations, steady PBILDT (Profit before Interest, Lease, Depreciation and Taxation) margins, demonstrated execution capabilities of APSEZ in the port sector and robust liquidity," said the CARE report.

APSEZ's leverage marked by net external debt/PBILDT(Profit before interest, lease, depreciation and tax) steadily improved from 3.62 times as on March 31, 2021 to 3.14 times as on March 31, 2023. Subsequently with the progressive buy back of USD 650 million bonds (due in July 2024), APSEZ repaid near USD 325 million till December 2023, resulting in net external debt/PBILDT at 2.41x as on December 31, 2023.



The report also highlights the company's successful track record of turning around port assets post-acquisition and its integrated business model including ports with logistics asset base which has led to 15% compounded annual growth for FY19-FY24 as compared to 4% CAGR for all Indian ports. "The large banks at Mundra, Dhamra and Krishnapatnam also enhance the prospects," said the report.

APSEZ has evolved from operating just two ports (Mundra and Dahej) in 2011 to a portfolio of 14 ports spread across the entire coastline of India. Improved reach, strategic port locations, operational efficiencies, and a comprehensive range of integrated service offering including SEZ and logistics have contributed to the company's remarkable growth. With 27% volume market share, APSEZ's ports are the key gateway to India's trade and economic growth story.

## സുധാകരനും ശോഭയ്ക്കുമെതിരേ പരാതി നൽകി ദല്ലാൾ നന്ദകുമാർ

കൊച്ചി: ഇ. പി. ജയരാജനെതിരെ ഗൂഢാലോചന നടത്തിയെന്ന് ആരോപിച്ച് കെപിസിസി പ്രസിഡൻറ് കെ. സുധാകരനും ബിജെപി ദേശീയ നിർവാഹക സമിതി അംഗം ശോഭ സുരേന്ദ്രനുമെതിരെ വിവാദ ഇടനിലക്കാരൻ ടി. ജി. നന്ദകുമാർ പോലീസിൽ പരാതി നൽകി. ഡിജിപിക്കും പാലാരിവട്ടം പോലീസിനുമാണ് ഇമെയിലിലൂടെ പരാതി അയച്ചിരിക്കുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ തലേന്ന് എൽഡിഎഫ് കൺവീനർ ഇ. പി. ജയരാജനെയും തന്നെയും അപമാനിക്കുന്നതിനായി ശോഭാ സുരേന്ദ്രൻറെ സഹായത്തോടെ കെ. സുധാകരനും ചേർന്ന് ഗൂഢാലോചന നടത്തിയെന്നാണ് പരാതി.

കേരളത്തിലെ ബിജെപിയുടെ സംസ്ഥാന ചുമതലയുള്ള പ്രകാശ് ജാവ്ദേക്കറും നന്ദകുമാറും ചേർന്ന് 2023 മാർച്ച് അഞ്ചിന് ഇ. പി. ജയരാജൻറെ മകൻറെ ആക്കുളത്തുള്ള ഫ്ലാറ്റിൽ ജയരാജനെ സന്ദർശിച്ചത് അനാവശ്യ വിവാദമാക്കി തന്നെയും ജയരാജനെയും സമൂഹമാധ്യമങ്ങളിൽ അവഹേളിച്ചതായാണ് പരാതിയിലുള്ളത്. ഇതിനെക്കുറിച്ച് പ്രത്യകം സംഘം അന്വേഷണ നടത്തി നടപടി സ്വീകരിക്കണമെന്നാണ് പരാതിയിലുള്ളത്.

അതേസമയം വോട്ടെടുപ്പിന് തലേന്നും ഇ. പിയുമായി സംസാരിച്ചെന്ന് നന്ദകുമാർ ആവർത്തിച്ചു. തൻറെ നമ്പർ ബ്ലോക്ക് ചെയ്യാൻ ജയരാജനോട് പാർട്ടി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നിമിഷം വരെ അദ്ദേഹം അത് ബ്ലോക്ക് ചെയ്തിട്ടില്ല. ഇനി അദ്ദേഹവും കുടുംബവും തൻറെ നമ്പർ ബ്ലോക്ക് ചെയ്യും. ഇ. പിക്ക് കുഴപ്പം ഉണ്ടാക്കുന്നതൊന്നും തൻറെ ഭാഗത്തുനിന്ന് ഇനി ഉണ്ടാകില്ല.

## കാർ പരസ്യബോർഡിൽ ഇടിച്ചുമറിഞ്ഞ് അപകടം; ഒരാൾ മരിച്ചു, മൂന്നുപേർക്ക് പരിക്ക്

പാലക്കാട്: കാർ പരസ്യബോർഡിൽ ഇടിച്ചു മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പൊള്ളാച്ചി കൊടൈക്കനാൽ പല്ലങ്കി സ്വദേശി തങ്കമുത്തു (55) ആണ് മരിച്ചത്. അപകടത്തിൽ പരുക്കേറ്റ മൂന്നു പേരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പാലക്കാട് ദേശീയപാത കണ്ണനൂരിലാണ് അപകടമുണ്ടായത്. മകളെ നെടുമ്പാശേരി വിമാനത്താവളത്തിൽ വിട്ട് തിരികെ പൊള്ളാച്ചിയിലേക്ക് മടങ്ങുകയായിരുന്നു തങ്കമുത്തു. മകനും ഭാര്യയും ബന്ധുവും ഒപ്പമുണ്ടായിരുന്നു. ഇവരുടെ ആരോഗ്യനില ഗുരുതരമല്ല.

## ബിജെപി സ്വാധീനം സംസ്ഥാന സെക്രട്ടേറിയറ്റിലും പ്രതിഫലിച്ചു: കെ. സുധാകരൻ

കണ്ണൂർ: ബിജെപി സ്വാധീനം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിലും പ്രതിഫലിച്ചതിനാലാണ് പ്രകാശ് ജാവദേക്കറുമായി രഹസ്യകൂടിക്കാഴ്ച നടത്തിയ എൽഡിഎഫ് കൺവീനർ ഇ. പി. ജയരാജനെതിരെ നടപടിയെടുക്കാതെ പൂർണ സംരക്ഷണം ഒരുക്കിയതെന്ന് കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ.

ഇ. പിക്കെതിരെ അച്ചടക്ക വാളോങ്ങിയാൽ താനും പെടുമെന്ന ബോധ്യം മുഖ്യമന്ത്രിക്കുണ്ട്. അതുകൊണ്ടാണ് സംഘപരിവാർ നേതൃത്വവുമായി രഹസ്യകൂടിക്കാഴ്ച നടത്തിയ ഇ. പിയെ നിഷ്കളങ്കനെന്നും സത്യസന്ധനെന്നുമൊക്കെ പാർട്ടി സെക്രട്ടറിയെ കൊണ്ട് പറയിപ്പിച്ചത്. ശിവനോട് പാപി ചേർന്നാൽ ശിവനും പാപിയാകുമെന്ന് പറഞ്ഞവർ ഇപ്പോഴത് വിഴുങ്ങി.

ഇന്നത്തെ സിപിഎം നാളത്തെ ബിജെപിയാണ്. ബംഗാളിലും ത്രിപുരയിലും നടന്നതിൻറെ ആവർത്തനം കേരള സിപിഎം ഘടകത്തിലും വൈകാതെ ഉണ്ടാകും. സിപിഎമ്മിൽ തിരുത്തൽ ശക്തിയായി പ്രവർത്തിച്ച വി. എസ്. അച്യുതാനന്ദനെ അരിഞ്ഞു വീഴ്ത്താൻ എകെജി സെൻററിൻറെ അകത്തളത്തിൽ ഗർജിച്ച പലരും ഇന്ന് സ്വന്തം നേതാക്കളുടെ ബിജെപി ബാന്ധവത്തിൽ പ്രതികരിക്കാനോ പ്രതിഷേധിക്കാനോ കഴിയാത്ത ഗതികേടിലാണ്.

ഇന്ത്യ സംഖ്യത്തിനെതിരേയും രാഹുൽ ഗാന്ധിക്കെതിരേയും മുഖ്യമന്ത്രിയും സിപിഎമ്മും തിരിഞ്ഞതിൻറെ അകം പൊരുൾ തെളിഞ്ഞതും ഇപ്പോഴാണന്നും സുധാകരൻ പ്രതികരിച്ചു.

## പുത്തൂർ പാർക്കിൽ പക്ഷികൾ ചത്ത സംഭവം: മറച്ചുവച്ചുവെന്ന വാദം തള്ളി ഡയറക്ടർ

പുത്തൂർ: തൃശൂർ മൃഗശാലയിൽ നിന്നും സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയ നാല് പക്ഷികളും പന്നിമാനും ചത്ത സംഭവം മറച്ചുവച്ചുവെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് സുവോളജിക്കൽ പാർക്ക് ഡയറക്ടർ. കേന്ദ്ര സൂ അഥോറിറ്റിയെ കൃത്യമായി വിവരം ധരിപ്പിച്ചിട്ടുണ്ട്.

സെൻട്രൽ സൂ അഥോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ച് ഒരോ ജീവകളും ചത്ത സമയത്ത് തന്നെ വിവരം ധരിപ്പിച്ചിട്ടുണ്ട്. ഒരു ഉദ്യാഗസ്ഥനും വീഴച വരുത്തിയിട്ടില്ല. രണ്ട് ക്യുറേറ്റർമാർക്ക് ഷോക്കോസ് നോട്ടീസ് മാത്രമാണ് നൽകിയിരിക്കുന്നത്.

ഇവരുടെ ഭാഗത്ത് നിന്ന് വീഴ്ച വരുത്തിയിട്ടില്ല. ആരെയും സസ്പെൻഡ് ചെയ്തിട്ടില്ല. തെറ്റായ വാർത്തകളാണ് ഇതുമായി ബന്ധപ്പെട്ട പ്രചരിക്കുന്നതെന്ന് സുവോളജിക്കൽ അധികൃതർ പറഞ്ഞു.

തൃശൂർ മൃഗശാലയിൽ നിന്ന് എത്തിച്ച പക്ഷികളിൽ പലതും പ്രായാധിക്യവും അവശതയുള്ളതുമായിരുന്നു. കിളികൾ തമ്മിലുള്ള ഇൻ ഫൈറ്റുമാണ് പക്ഷികൾ ചാകാനിടയായത്. പന്നിമാൻ ചത്തത് അണുബാധ മൂലമാണെന്ന് സുവോളജിക്കൽ അധികൃതർ വ്യക്തമാക്കി.

## സിദ്ധാർഥൻറെ മരണം; ജാമ്യഹർജി മേയ് പത്തിലേക്ക് മാറ്റി

കൊച്ചി : പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർഥൻറെ മരണവുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയുന്ന പ്രതികളുടെ ജാമ്യഹർജി മേയ് പത്തിന് പരിഗണിക്കും.

കേസിൽ റിമാൻഡിലുള്ള മാനന്തവാടി സ്വദേശി അരുൺ അടക്കം എട്ടു പ്രതികൾ നൽകിയ ജാമ്യ ഹർജിയാണ് കോടതി പരിഗണിച്ചത്. ക്രൂരമായ ആക്രമണമാണ് പ്രതികൾ നടത്തിയതെന്ന് ജാമ്യഹർജി പരിഗണിച്ചപ്പോൾ സിബിഐ കോടതിയെ അറിയിച്ചു.

ജാമ്യ ഹർജിയിൽ അടിയന്തരമായി വാദം കേൾക്കണമെന്ന് പ്രതിഭാഗം ആവശ്യപ്പെട്ടെങ്കിലും കോടതി അനുവദിച്ചില്ല. അറുപത് ദിവസത്തിലേറെയായി റിമാൻഡിൽ കഴിയുന്ന പ്രതികൾക്ക് സ്വഭാവിക ജാമ്യത്തിന് അർഹതയുണ്ടെന്ന് പ്രതികളുടെ അഭിഭാഷകർ കോടതിയിൽ പറഞ്ഞു.

## സ്ഥലം മാറ്റിയ അധ്യാപകർക്ക് ഉത്തരവ് തത്കാലം ബാധകമല്ല: ഹൈക്കോടതി

കൊച്ചി: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഹയർ സെക്കൻഡറി അധ്യാപക സ്ഥലം മാറ്റം റദ്ദാക്കി ഉത്തരവിട്ടെങ്കിലും നിലവിൽ നടപ്പായ സ്ഥലംമാറ്റങ്ങൾക്ക് തത്കാലം ഇത് ബാധകമല്ലെന്ന് ഹൈക്കോടതി.

ട്രൈബ്യൂണൽ ഉത്തരവ് ചോദ്യം ചെയ്ത് ആലപ്പുഴ ചന്തിരൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക ജി. വി. പ്രീതി നൽകിയ ഹർജിയിലാണ് ജസ്റ്റീസ് വി. ജി. അരുൺ, ജസ്റ്റീസ് എം. ബി. സ്നേഹലത എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിൻറെ ഇടക്കാല ഉത്തരവ്. ഹർജി വീണ്ടും പരിഗണിക്കുന്ന ജൂൺ മൂന്നു വരെ ബാധകമാവില്ലെന്നു കോടതി വ്യക്തമാക്കിയിരിക്കുന്നത്.

നാലു വിഭാഗങ്ങളിലായി അധ്യാപകരെ സ്ഥലം മാറ്റി 2024 ഫെബ്രുവരി 12നാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ, ഇത് ചോദ്യം ചെയ്ത് ഒരു കൂട്ടം അധ്യാപകർ നൽകിയിൽ സ്ഥലംമാറ്റ പട്ടികകൾ കെഎടി റദ്ദാക്കുകയായിരുന്നു. ഒരു മാസത്തിനകം പട്ടിക പുതുക്കി കരട് പ്രസിദ്ധീകരിക്കണമെന്നും പരാതികൾ കേട്ട് ജൂൺ ഒന്നിനകം പട്ടിക പ്രസിദ്ധീകരിക്കണമെന്നും ട്രൈബ്യൂണൽ ഉത്തരവിട്ടു.

മാതൃജില്ലയ്ക്കു പുറത്തുള്ള സർവിസിലെ സീനിയോറിറ്റി മാതൃജില്ലയിലേക്കു സ്ഥലം മാറ്റത്തിനു മാത്രമേ പരിഗണിക്കാവൂവെന്നാണ് സർക്കാർ മാനദണ്ഡം. എന്നാൽ ഈ സീനിയോറിറ്റി പരിസര ജില്ലകളിലേക്കും പരിഗണിക്കണമെന്ന ഹർജിക്കാരുടെ ആവശ്യവും കൂടി പരിഗണിച്ചാണ് കെഎടി ഉത്തരവ് പുറപ്പെടുവിച്ചത്.

സ്ഥലംമാറ്റ പട്ടിക റദ്ദാക്കിയ നടപടി തടയണമെന്നും നിലവിലെ സ്ഥലം മാറ്റ ഉത്തരവ് നടപ്പാക്കണമെന്നുമാവശ്യപ്പെട്ടാണ് ഹർജിക്കാരി കോടതിയെ സമീപിച്ചത്. ഉത്തരവ് പ്രകാരം പലരും സ്ഥലം മാറി പുതിയ സ്ഥലത്ത് ചുമതലയേറ്റതായും ഹർജിക്കാരി ചൂണ്ടിക്കാട്ടി.

## ജൈവ മാമ്പഴ മഹോത്സവത്തിന് തുടക്കമായി

തൃക്കരിപ്പൂർ: 17ൽ പരം വേറിട്ട രുചികളുള്ള മാമ്പഴങ്ങളുടെ പ്രദർശനവും വിപണനവുമായി തൃക്കരിപ്പൂരിൽ ജൈവ മാമ്പഴ മഹോത്സവം തുടങ്ങി. തൃക്കരിപ്പൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൻറെയും ബി മാങ്കോസിൻറെയും നേതൃത്വത്തിൽ ബാങ്ക് പരിസരത്ത് നടക്കുന്ന മേളയിൽ വിവിധ ജില്ലകളിൽ നിന്നുള്ള മാമ്പഴങ്ങളാണുള്ളത്.

മാമ്പഴക്കൂട്ടത്തിൽ ഒന്നാമനെന്ന് പറയുന്ന മൽഗോവയുൾപ്പെടെ മധുരവും ത്രിമധുരവും നാവിൽ രുചിയേകുന്ന 17 ഇനങ്ങളാണ് മഹോത്സവത്തിലുള്ളത്. സീഗോവ, പ്രിയൂർ, ഉണ്ടപ്പ, നീലപറങ്കി, ചക്കരക്കുട്ടി, നാട്ടി, മയൂര, കാലാപാടി, ചാവക്കാട് ഒളോർ, ചന്ദ്രക്കാരൻ, ആലക്കോട് ഒളോർ, സിന്ദൂരം തുടങ്ങിയവക്കൊപ്പം കണ്ണൂരിൻറെ തനത് മാമ്പഴങ്ങളായ കുറ്റ്യാട്ടൂരും കുഞ്ഞിമംഗലവുമുണ്ട്.

നിരവധി രുചികളിലും വലുപ്പത്തിലും നിറഭേദങ്ങളിലുമുള്ള മാമ്പഴം വാങ്ങാൻ ഉദ്ഘാടനം നടക്കും മുമ്പേ ആളുകൾ തിക്കിതിരക്കിയെത്തി. പാലക്കാടിൻറെ വ്യത്യസ്ത ഇനങ്ങളാണ് കൂടുതലുള്ളത്. മാങ്ങ കയറ്റുമതിയിൽ ഇന്ത്യയിൽ തന്നെ മുന്നിൽ നിൽക്കുന്ന പാലക്കാട് ജില്ലയിലെ ആറു തരം മാമ്പഴളുണ്ട് മേളയിൽ.

ജൈവ രീതിയിൽ പഴുപ്പിച്ചെടുത്ത മാമ്പഴങ്ങളെന്ന പ്രത്യേകതയുമുണ്ട്. രണ്ടു ദിവസം നീളുന്ന മാമ്പഴ മഹോത്സവം

തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡൻറ് വി.കെ. ബാവ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡൻറ് വി.വി. വിജയൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് എൽ.കെ. യൂസഫ്, മാനേജിംഗ് ഡയറക്ടർ കെ. ശശി, ബാങ്ക് മുൻ പ്രസിഡൻറ് കെ.കെ. രാജേന്ദ്രൻ, ബാങ്ക് ഡയറക്ടർമാരായ സി. രവി, ടി.വി. ആനന്ദകൃഷ്ണൻ, വി.വി. അനിൽകുമാർ, അസീസ് കൂലേരി, ടി. അജിത, വി.കെ. ബീന, യു.കെ. രാജൻ, ജീവനക്കാരായ സി. സേതുമാധവൻ, കെ. രാജീവൻ എന്നിവർ പ്രസംഗിച്ചു.

## എൻഡോസൾഫാൻ: സർക്കാർ ചർച്ചയ്ക്കു തയാറാകണം അംബികാസുതൻ മാങ്ങാട്

കാഞ്ഞങ്ങാട്: എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരം ചർച്ച ചെയ്ത് അവസാനിപ്പിക്കാനുള്ള ശ്രമം സർക്കാർ നടത്തണമെന്ന് എഴുത്തുകാരൻ അംബികാസുതൻ മാങ്ങാട് ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷന് മുന്നിൽ നടത്തിയ നിരാഹാരസമരം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമരം ഏറ്റെടുക്കാൻ അഞ്ച് എംഎൽഎമാരും എംപിയും തയാറാവണമെന്ന് കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. ഖാദർ മാങ്ങാട് ആവശ്യപ്പെട്ടു.മൂന്നുമാസം പിന്നിട്ടിട്ടും ഇടതുപക്ഷം ഹൃദയ പക്ഷമാണെന്ന് ഉദ്ഘോഷിക്കുന്ന സർക്കാർ ചർച്ചയ്ക്ക് പോലും തയാറാകാത്തത് അമ്മമാരെ പട്ടിണിക്കിടുന്നത് ജനാധിപത്യത്തിന് നിരക്കുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു. വിഷയത്തിൽ പൊതുസമൂഹം ഇടപെട്ട് സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഡോ. അജയകുമാർ കോടോത്ത് ആവശ്യപ്പെട്ടു.എം.കെ. അജിത അധ്യക്ഷത വഹിച്ചു. ടി.വി. രാജേന്ദ്രൻ, ഫറീന കോട്ടപ്പുറം, ടി.എം. സുരേന്ദ്രനാഥ്, മോഹനൻ കുശാൽനഗർ, വി. കമ്മാരൻ, ഉമേശൻ തൈക്കടപ്പുറം, പി. മുരളീധരൻ, എച്ച്. സൂര്യഭട്ട്, മാധവൻ കരിവെള്ളൂർ, തമ്പാൻ മഡിയൻ, ഇ. തമ്പാൻ എന്നിവർ പ്രസംഗിച്ചു. അമ്പലത്തറ കുഞ്ഞികൃഷ്ണൻ സ്വാഗതവും പി. ഷൈനി നന്ദിയും പറഞ്ഞു.

## കള്ളക്കേസിൽ കുടുക്കി നിർവീര്യമാക്കാമെന്നത് വ്യാമോഹം: മുസ്‌ലിം ലീഗ്

കാസർഗോഡ്: പോലീസിനെ ഉപയോഗിച്ച് കള്ളക്കേസിൽ കുടുക്കി മുസ്‌ലിം ലീഗ് പ്രവർത്തകരെയും നേതാക്കളെയും നിർവീര്യമാക്കാമെന്നത് സിപിഎമ്മിൻറെ വ്യാമോഹം മാത്രമാണെന്ന് മുസ്‌ലിം ലീഗ് കാസർഗോഡ് മണ്ഡലം കമ്മിറ്റി.യുഡിഎഫ് ശക്തി കേന്ദ്രങ്ങളിൽ അനുകൂലമായ വോട്ടർമാരുടെ നീണ്ടനിര കണ്ട് വിറളി പൂണ്ട സിപിഎം നേതാക്കളും പ്രവർത്തകരും ചേർന്ന് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിച്ചതിനെ ചോദ്യം ചെയ്തതിനാണ് മുസ്‌ലിം ലീഗ് നേതാക്കൾക്കും പ്രവർത്തകർക്കും എതിരെ ഭരണത്തിൻറെ സ്വാധീനം ഉപയോഗിച്ച് കള്ള കേസെടുത്തിരിക്കുന്നത്.

നിയമപരമായും രാഷ്ട്രീയമായും ഇതിനെ ശക്തമായി നേരിടുമെന്ന് പ്രസിഡൻറ് മാഹിൻ കോളോട്ട്, ജനറൽ സെക്രട്ടറി ടി.എം. ഇക്ബാൽ എന്നിവർ അറിയിച്ചു.

## ഹരിത് നേതാക്കളെ തിരിച്ചെടുത്തു; യൂത്ത് ലീഗിൽ ഭാരവാഹിത്വം നൽകി നേതൃത്വം

കോഴിക്കോട്ന്മ സംഘടനാ നടപടി നേരിട്ട 'ഹരിത' നേതാക്കൾക്ക് യൂത്ത് ലീഗിൽ ഭാരവാഹിത്വം നൽകി. ഹരിത മുൻ സംസ്ഥാനധ്യക്ഷയും എംഎസ്എഫ് മുൻ ദേശീയ വൈസ് പ്രസിഡൻറുമായ ഫാത്തിമ തഹലിയയെ യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയായി നിയമിച്ചു.

മുഫീദ തസ്നിയെ ദേശീയ വൈസ് പ്രസിഡൻറായും, നജ്മ തബ്ഷിറയെ ദേശീയ സെക്രട്ടറി സ്ഥാനത്തേക്കുമാണ് നിയമിച്ചത്. മുസ്ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ നിർദേശപ്രകാരമാണ് ഇവർക്ക് സ്ഥാനങ്ങൾ നൽകിയിരിക്കുന്നത്.

ഹരിത വിവാദത്തിൽ വിദ്യാർഥിനികൾക്കൊപ്പം നിന്നതിന് നടപടി നേരിട്ട എംഎസ്എഫ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ലത്തീഫ് തുറയൂരിനെ എംഎസ്എഫ് ദേശീയ വൈസ് പ്രസിഡൻറായും ആഷിഖ് ചെലവൂരിനെ യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡൻറായും നിയമിച്ചു. എംഎസ്എഫിൻറെ വനിതാ വിഭാഗമായ 'ഹരിതയുടെ' നേതാക്കൾക്കെതിരെ നേരത്തെ സ്വീകരിച്ച അച്ചടക്ക നടപടികൾ പിൻവലിക്കാനുള്ള തീരുമാനം ആഴ്ചകൾക്ക് മുമ്പാണ് മുസ്!ലിം ലീഗ് കൈക്കൊണ്ടത്. ഇങ്ങനെ നടപടി ഒഴിവാക്കിയ നേതാക്കൾക്ക് പുതിയ ഭാരവാഹിത്വം നൽകിക്കൊണ്ടുള്ള വാർത്താക്കുറിപ്പാണ് ലീഗ് നേതൃത്വം പുറത്തിറക്കിയിരിക്കുന്നത്. എംഎസ്എഫ് സംസ്ഥാന പ്രസിഡൻറ് പി. കെ നവാസിനെതിരെ ഹരിത നേതാക്കൾ നൽകിയ പരാതി ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

## റേഷൻ വിതരണം നീട്ടി

2024 ഏപ്രിൽ മാസത്തെ റേഷൻ വിതരണം 2024 മെയ് 30ം തീയതി (വെള്ളിയാഴ്ച) വരെ ദീർഘിപ്പിച്ചു. മെയ് മാസത്തെ റേഷൻ വിതരണം 06.05.2024 (തിങ്കളാഴ്ച) മുതൽ ആരംഭിക്കും. കൂടാതെ ഏപ്രിൽ മാസത്തെ വിതരണത്തിന് ശേഷം മെയ് 4 (ശനി), 5 (ഞായർ) തീയതികളിൽ റേഷൻ കടകൾക്ക് അവധിയായിരിക്കുമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.